
# REFLECTIONS



## ST .AUGUSTINE`S GHSS KOTHAMANGALAM

### A LITTLE KITES INITIATIVE

# REFLECTIONS

## Digital Magazine

## 2018-19

ആന്റണി ജോൺ
(കോതമംഗലം)
മെമ്പർ
കേരള നിയമസഭ
കുമ്പപ്പിള്ളി വീട്
കോഴിപ്പിള്ളി പി. ഒ.
കോതമംഗലം

ഫോൺ :
വസതി : 0485-2861558
ഓഫീസ് : 0471-2512579
എം. എൽ. എ. ഓഫീസ് : 0485-2860994
മൊബൈൽ : 9946640994
നിളാ ബ്ലോക്ക്-40, 41,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ : antonyjohnmlaklm@gmail.com

ഏ ജെ. 2454/2018/KLM

സ്ഥലം.................കോതമംഗലം.......

തീയതി...................12-12-2018...............

# ആശംസകൾ

കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ 2018-19 അദ്ധ്യയന വർഷത്തിൽ "REFLECTIONS" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികളുടെയും,അദ്ധ്യാപകരുടെയും സർഗ്ഗസൃഷ്ടികൾ ഡിജിറ്റലായി രേഖപ്പെടുത്തിയിട്ടുള്ള ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

അംഗം, കേരള നിയമസഭ
കോതമംഗലം

ANTONY JOHN MLA
KOTHAMANGALAM

# ആശംസ



സ്കൂളിലെ വികസനപന്ഥാവിലെ നാഴികക്കല്ലായി മാറിയിരിക്കുകയാണ് ഡിജിറ്റൽ മാഗസിൻ. ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും സാരവത്തായവിചാരധാരയിലേയ്ക്ക് കുട്ടിക്കൊണ്ടുപോകുവാൻ **Reflections** എന്ന ഈ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്നാശംസിക്കുന്നു.

**സി.മരിയാൻസി സിഎംസി**
**പ്രിൻസിപ്പൽ**


# ആശംസ



'Reflections' എന്ന ഡിജിറ്റൽ മാഗസിൻ കലയും സാഹിത്യവുമെല്ലാം നിറഞ്ഞ പുതിയൊരു വഴിത്താരയിൽ പൂത്തുലഞ്ഞു നിൽക്കുകയാണ്. അതിൽ കൂട്ടായ്മയുടെ സന്ദേശമുണ്ട്.നന്മയുടെ നിലാവെളിച്ചമുണ്ട്.ഈ പുതുസംരഭത്തിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

**സി.ടിസ്സറാണി സിഎംസി**
**ഹെഡ്മിസ്ട്രസ്**

# എഡിറ്റോറിയൽ



മഴയും പ്രളയവും കടന്നു പോയ്. ഒരു പുതുവർഷത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷത്തിന്റെ കയ്പുള്ള വേദനകൾ മറക്കാൻ പരിശ്രമിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും മാതാപിതാക്കന്മാരുടെയും സഹായത്തോടെ റിഫ്ലക്ഷൻസ് എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുമ്പോൾ ഈ മാഗസിൻെറ ഓരോ ഏട് മറിക്കുമ്പോൾ ഞങ്ങൾ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും, സർഗ്ഗാത്മകതയുടെ പ്രതിഫലനം നിങ്ങളിലോരോരുത്തരിലും എത്തട്ടെ എന്ന് ആശംസിക്കുന്നു.

**എന്ന്**

**ഷാരോൺ ഷാജു**

**എഡിറ്റർ**

# ഹൃദയപൂർവ്വം അമ്മ



എത്രയും പെട്ടെന്ന് ഓപ്പറേഷൻ നടത്തണം.
ഒരു നടുക്കത്തോടെയാണ് ജാനകി ആ വാക്കുകൾ ശ്രവിച്ചത്.
ഇല്ലെങ്കിൽ ഗൗരിമോളെ നമുക്ക് കിട്ടിയെന്ന് വരില്ല ഇപ്പോൾ തന്നെ കൺടീഷൻ സീരിയസാണ്. പറ്റിയ ഒരു താതാവിനെ കണ്ടെത്തണം.
ഡോക്ടറുടെ വാക്കുകൾ ജാനകിയിൽ ഒരു കാർമേഘമായി പെയ്തു. അവരുടെ കണ്ണിൽനിന്ന് രൂപംകൊണ്ട അരുവി, നദിയായി, കടലായി, സമുദ്രമായി അവിടെ അലയടിച്ചു. ആ സമുദ്രത്തിൽ നീന്തി അവൾ ഓർമ്മയുടെ  കരപറ്റി.
ഈസ് ദിസ് യുവർ മോം ഗൗരി? വാട്ട് എ അഗ്ലി വുമൺ
കൂട്ടുകാരുടെപരിഹാസത്തിന്റെ അമ്പുകൾ നെഞ്ചിൽ ആഴ്ന്നിറങ്ങുമ്പോൾ ഗൗരി തനിക്ക് ജന്മം നൽകിയ, സൂര്യൻ നിറം വലിച്ച് കുടിച്ച സാരി ധരിച്ച കറുത്ത ശരീരത്തെ തുറിച്ച് നോക്കി. അവളുടെ കണ്ണിൽ നിന്നുള്ള ജലപ്രവാഹത്തെ തടയാൻ അവളിലെ കോപാഗ്നി ഒരു കവചം സൃഷ്ടിച്ചു.
താൻ ഇത്രയും കാലംകൊണ്ട് ഉണ്ടാക്കിയ സ്റ്റാറ്റസ് നഷ്ട്ടപ്പെടാതിരിക്കാനായി അവൾ വാക്കുകൾക്ക് പിന്നാലെ പാഞ്ഞു. ഒരു ബിസിനസ് വുമണിന്റെ മകൾ എന്ന് പറഞ്ഞ് അവൾ ഉണ്ടാക്കിയ ചീട്ട് കൊട്ടാരത്തെ ജാനകിയുടെ വരവ് ആടിയുലച്ചെങ്കിലും ഒരു പടത്തലവനെപ്പോലെ അവളുടെ മനസ്സ് വാക്കുകൾ കൊണ്ട് പുതിയ തന്ത്രം ആസൂത്രണം ചെയ്തു.
ദിസ് ഈസ് നോട്ട് മൈ മോം. മമ്മിക്ക് ഇന്ന് അർജന്റായി ഒരു മീറ്റിംഗുണ്ട്. ദിസ്

ഈസ് ഔർ സെർവെന്റ്. മമ്മിക്ക് വരാൻ പറ്റാത്ത കാരണം വന്നതാ.

ജാനകിയുടെ മനസ്സിൽ ഒരു അഗ്നിപർവ്വതം പുകഞ്ഞുപൊങ്ങി. ആർക്ക് വേണ്ടിയാണോ ഇത്രയുംകാലം താൻ ജീവിച്ചത്, അവൾ തന്നെ തള്ളിപറഞ്ഞിരിക്കുന്നു സെർവന്റാത്രേ. അടുപ്പിലെ പുകയും പകലിന്റെ സൂര്യനും സമ്മാനിച്ച ആ രൂപം ഗൗരിയുടെ സ്റ്റാറ്റസിനിരയായപ്പോൾ ജാനകിയുടെ ഹൃദയം വിങ്ങിപ്പൊട്ടി.

*　　　　　　　　*　　　　　　　　*　　　　　　　　*

പെട്ടെന്നൊരിക്കൽ ഗൗരി കുഴഞ്ഞുവീണു എന്ന് സ്കൂളിൽ നിന്നറിയിച്ചപ്പോൾ ജാനകിയുടെ നെഞ്ച് ഒന്ന് പിടഞ്ഞു. രാഘവേട്ടനും ഇതുപോലെയായിരുന്നു. ഒരു കുഴപ്പവുമില്ലാതിരുന്ന മനുഷ്യൻ. അന്നൊരിക്കൽ നെഞ്ചുവേദനയെടുത്ത് കുഴഞ്ഞ് വീണപ്പോൾ ജാനകി അറിഞ്ഞിരുന്നില്ല, തന്റെ ദാമ്പത്യത്തിന്റെ അവസാനനാളുകളായിരുന്നു അവ എന്ന്.

പിന്നെയെല്ലാം പെട്ടെന്നായിരുന്നു. ഗൗരിക്ക് അന്ന് രണ്ടു വയസ്സേ ഉണ്ടായിരുന്നുള്ളൂ. ബന്ധുക്കളും നാട്ടുകാരും പുതിയൊരു ബന്ധത്തിന് നിർബന്ധിച്ചിരുന്നെങ്കിലും ഗൗരിയുടെ ഭാവിയ്ക്ക് ദോഷം ചെയ്യുമെന്ന് കരുതി അതിന് മുതിർന്നില്ല. ജീവിതത്തിന്റെ പുതിയ അദ്ധ്യായങ്ങൾ തേടി നടന്നപ്പോൾ ഉള്ളുനിറയേ ഗൗരിയായിരുന്നു. തന്നെ തള്ളി പറഞ്ഞിട്ടും മാതൃത്വം എന്ന വികാരം തന്നെ കീഴ്പെടുത്തി.

ഓർമ്മകളുടെ കരയിൽ നിന്ന് വർത്തമാനത്തിന്റെ ആഴങ്ങളിലേക്ക് തള്ളിവിട്ടത് ആശുപത്രിയിലേ ബഹളമായിരുന്നു. ജാനകി പതിയെ എഴുന്നേറ്റ് ഗൗരി കിടക്കുന്ന ഐസിയുവിന്റെ പുറത്ത് നിന്നു.മങ്ങിയ ചില്ലിലൂടെ തന്നിൽ നിന്ന് രൂപപ്പെട്ട തന്റെ അംശത്തെ ജാനകി നോക്കിനിന്നു. യന്ത്രങ്ങളുടെ സാഹയത്തോടെ ഇപ്പോൾ അവളുടെ ജീവൻ മുന്നോട്ട് പോകുന്നത്. പക്ഷെ എത്രനാൾ? ആ ഹൃദയം എത്രനാൾ തന്റെ സ്വരം ഗൗരിയിൽ ഒരു രാഗമായി പടർത്തും? തന്റെ മകളുടെ അവസ്ഥ ജാനകിയിൽ കൂടുതൽ ആഴത്തിൽ കീറിമുറിച്ചുക്കൊണ്ടിരുന്നു.

ഓപ്പറേഷൻ കഴിഞ്ഞു. ആറുമാസത്തെ വിശ്രമം പറഞ്ഞിട്ടുണ്ട്. രണ്ട് മാസത്തെ ആശുപത്രിവാസത്തിന് ശേഷം ഗൗരി തിരികെ വീട്ടിലെത്തി അദ്ധ്യപകർക്കും സുഹൃത്തുകൾക്കും ഇടയിൽ അവളുടെ കണ്ണ് അമ്മയ്ക്കായി പരതി.

നിന്റെ സെർവെന്റ് എത്ര നല്ലവളാ അവരാ നിനക്ക് ഹാർട്ട് തന്നത്.

കൂട്ടുകാരിൽ ഒരാൾ പറഞ്ഞത് കേട്ട് അവൾ ഞെട്ടിപ്പോയി.

എന്ത്?

ആം നിന്റെ അവസ്ഥ കണ്ടിട്ടാവും പാവം അവർ ഹാർട്ട് ഡൊണേറ്റ് ചെയ്തത്. നിന്റേം അവരുടെയും ബ്ലഡ് ഗ്രൂപ്പ് തമ്മിൽ നല്ല മാച്ചായിരുന്നു. അതൊക്കെപ്പോട്ടെ നിന്റെ

മമ്മിയെവിടെ? ഹോസ്പ്പിറ്റലിലും കണ്ടില്ലല്ലോ?

തന്റെ കണ്ണിൽനിന്നും പ്രവഹിച്ച് ജലപ്രവാഹത്തെ തടയാൻ ഗൗരിക്കായില്ല.അവൾ തന്റെ ചെവികൾ പൊത്തി ഉറക്കെ അലറി.

നിർത്ത്

ഒരു നിമിഷത്തെ ഇടവേളക്ക് ശേഷം അവൾ തുടർന്നു.

അവർ.... അവർ എന്റെ സെർവെന്റല്ല. എന്റെ അമ്മയാ, എന്നെ പ്രസവിച്ച എന്റെ അമ്മ.

അവൾ പൊട്ടിപ്പൊട്ടി കരഞ്ഞു. താൻ കീറിമുറിച്ചിട്ടും ആ ഹൃദയം അമ്മ അവൾക്കായി നൽകി.

അമ്മേ

അവളുടെ നീണ്ട കരച്ചിൽ അവിടെ കൂടിയിരുന്ന ആളുകൾക്കിടയിൽ ദുഃഖത്തിന്റെയും ആശയക്കുഴപ്പത്തിന്റേയും വിത്തുപാകി. അവളുടെ കണ്ണീർ അതിന് ഊർജം നൽകി.

അവളുടെ കരച്ചിലൊന്ന് ആറിത്തണക്കാൻ വേണ്ടി അവർ അവളെ തനിയെ വിട്ടു.

കരച്ചിലിനു ശമനം വന്ന ശേഷം അവൾ അമ്മയുടെ മുറിയിലേക്ക് പോയി. അവിടെ അവളുടെയും അമ്മയുടെയും ഒരു പഴയകാല ഫോട്ടോയ്ക്ക് മുന്നിൽ വടിവൊക്കാത്ത അക്ഷരങ്ങൾ കുത്തിനിറച്ച ഒരു കത്തുണ്ടായിരുന്നു.

പ്രിയപ്പെട്ട ഗൗരിമോൾക്ക്,

എന്റെ മോള് ഇപ്പൊ അസുഖൊക്കെ മാറി മിടുക്കിയായിട്ടുണ്ടാവും എന്ന് അമ്മയ്ക്കറിയാം. മോൾടെ സന്തോഷം അമ്മയ്ക്ക് കാണാൻ പറ്റീലല്ലോ എന്ന് വിഷമം മാത്രമേ അമ്മയ്ക്കൊള്ളൂ.

മോൾടെ എല്ലാ പിറന്നാളിനും അമ്മ സമ്മാനം തരാറില്ലേ. അമ്മയുടെ അവസാനത്തേയും ഏറ്റവും വിലപ്പെട്ടതുമായ സമ്മാനം മോൾടെ ഉള്ളിലിടിക്കുന്ന ഹൃദയം അമ്മ മോൾടെ ഉള്ളിൽ എപ്പോഴും ഉണ്ടാവും അമ്മയുടെ പിറന്നാൾ സമ്മാനം മോൾക്ക് ഇഷ്ടപ്പെട്ടെന്ന് വിചാരിക്കുന്നു.

ഹൃദയപൂർവ്വം

അമ്മ

ലക്ഷമിജ കെ. പി


X-C

# വവ്വാലിന്റെ സൂത്രം

ഒരു കാട്ടിൽ മൃഗങ്ങളും പക്ഷികളും സന്തോഷത്തോടെ ജീവിച്ചിരുന്നു . അപ്പോഴാണ് കാട്ടിലെ രാജാവായ സിംഹം നിയമമെടുത്തത് . മൃഗങ്ങൾ മുകളിലെ ഭാഗത്ത് താമസിക്കണം. പക്ഷികൾ താഴത്തെ ഭാഗത്ത് താമസിക്കണം. സിംഹത്തിന്റെ നിയമമനുസരിച്ചില്ലെങ്കിൽ കഠിന ശിക്ഷയായിരിക്കും നൽകുക. അതുകൊണ്ട് എല്ലാവരും സിംഹത്തിന്റെ നിയമമനുസരിച്ചു. മൃഗങ്ങൾ അവരുടെ സാധനങ്ങൾ എടുത്ത് മുകളിലത്തെ ഭാഗത്തേക്ക് താമസം മാറി. പക്ഷികൾ അവരുടെ സാധനങ്ങൾ എടുത്ത് താഴത്തെ ഭാഗത്തേക്ക് താമസം മാറി. വവ്വാലാണെങ്കിൽ ഭക്ഷണം സ്വന്തമായിട്ട് ശേഖരിച്ച് വക്കില്ല . ഈ വവ്വാലിനൊരു സൂത്രംതോന്നി. വവ്വാൽ മൃഗങ്ങളുടെ അടുത്ത് ചെന്ന് പറഞ്ഞു ഞാൻ നിങ്ങളുടെ ഇനത്തിൽ പെട്ടതാണ്. എനിക്ക് നിങ്ങളെ പോലെയുള്ള മുഖമുണ്ട് അപ്പോൾ മൃഗങ്ങൾ പറഞ്ഞു നീ ഞങ്ങളുടെ കൂടെ കൂടിക്കോ . വവ്വാൽ അവരുടെയൊപ്പം കൂടി . അങ്ങനെ വവ്വാൽ അവരുടെ ഭക്ഷണമൊക്കെ കഴിച്ചു എന്നിട്ട് വവ്വാൽ മൃഗങ്ങളോട് പറഞ്ഞു ഞാനിപ്പോൾ വരാമെന്ന് . എന്നിട്ട് മൃഗങ്ങൾ കാണാതെ താഴത്തെ ഭാഗത്തേക്ക് പോയി.എന്നിട്ട് പക്ഷികളോട് പറഞ്ഞു എനിക്ക് നിങ്ങളെ പോലെ പറക്കാൻ കഴിയും. അപ്പോൾ പക്ഷികൾ പറഞ്ഞു നീ ഞങ്ങളുടെ കൂടെ കൂടിക്കോ. അങ്ങനെ വവ്വാൽ അവരുടെ കൂടെ കൂടി. അങ്ങനെ വവ്വാൽ അവരുടെ ഭക്ഷണമൊക്കെ കഴിച്ചു. ഇങ്ങനെ വവ്വാൽ തന്റെ സൂത്രം ഉപയോഗിച്ച്കൊണ്ടിരുന്നു കുറെ നാൾ കഴിഞ്ഞപ്പോൾ മൃഗങ്ങൾക്കും പക്ഷികൾക്കും ഒരു സംശയം ഈ വവ്വാൽ ഇപ്പോൾവരാം.........ഇപ്പോൾവരാം എന്ന് പറയുന്നത്. ഇത് കണ്ടുപിടിക്കാൻ അവർ തീരുമാനിച്ചു.മൃഗങ്ങൾ മുകളിൽ ഒളിച്ചിരുന്നു.പക്ഷികൾ താഴത്തെ ഭാഗത്ത് ഒളിച്ചിരുന്നു.വവ്വാൽ രണ്ടിനത്തിൽ പ്പെട്ടതായതുകൊണ്ട് രണ്ടു സ്ഥലത്തു നിന്നും ഭക്ഷണം കഴിച്ചു.മൃഗങ്ങളും പക്ഷികളും പരാതിയായി സിംഹത്തിൻെറ അടുത്തെത്തി.സിംഹം പറഞ്ഞു ഉടനെ തന്നെ വവ്വാലിനെ എൻെറ മുൻപിൽ ഹാജരാക്കാൻ പറഞ്ഞു.വവ്വാൽ ഉടനെ സിംഹത്തിൻെറ മുൻപിൽ വന്നു സിംഹം വവ്വാലിനെ പുറത്താക്കി.വവ്വാൽ പോയതോടെ സിംഹം ആ നിയമം മാറ്റി.അങ്ങനെ മൃഗങ്ങളും പക്ഷികളും സന്തോഷത്തോടെ ജീവിച്ചു.

**HASBIN HABEEB** V A

# പ്രകൃതി



മഴയും കാറ്റും പൂഞ്ചോലകളും
നിറഞ്ഞ ഭൂമിയാണെൻെറ പ്രകൃതി
സ്നേഹവും സന്തോഷവും സാഹോദര്യവും
നിറഞ്ഞ തളിർ മരമാണെൻെറ പ്രകൃതി
പച്ചപ്പുല്ല് വിരിച്ച മുറ്റത്ത് കൂടി ഓടിക -
ളിക്കുന്ന കുരുന്ന് കുഞ്ഞുങ്ങളുണ്ടെൻ
പ്രകൃതിയിൽ ഒരു ജാതി ഒരു മതം
ഒരു ദൈവം എന്ന മുദ്രാവാക്യവുമായി
ഒത്തു നിൽക്കുന്നവരുണ്ടെൻ പ്രകൃതി -
യിൽ, കുളിർക്കാറ്റും ശുദ്ധവായുവും
കോരിത്തരിച്ച് നിൽക്കുന്ന പുണ്യ -
ഭൂമിയാണെൻെറ പ്രകൃതി, പ്രകൃതി
എൻെറ അമ്മയാണ് ,പ്രകൃതി
എൻെറ ജീവനാണ്.

**FIDHA FATHIMA**
**VII A**

# പൂമ്പാറ്റ





എത്തുന്നു എത്തുന്നു നമ്മുടെ
സ്വന്തം പൂമ്പാറ്റ
പുള്ളിച്ചിറകാൽ എത്തുന്നു
പൂന്തോട്ടത്തിലെ സുന്ദരി
ചിറകുവിരിച്ച് ആടിയാടി
പൂന്തേൻ നുകരാൻ എത്തുന്നു
പൂന്തോട്ടത്തെ ഭംഗിയാക്കാൻ എത്തുന്നു
നമ്മുടെ സ്വന്തം പൂമ്പാറ്റ
മാനത്തിലൂടെ പാറിവരും
നമ്മുടെ സ്വന്തം പൂമ്പാറ്റ
പൂന്തോട്ടത്തിൽ തേൻ നുകർന്ന്
പാറിപ്പോകും പൂമ്പാറ്റ
നമ്മുടെ സ്വന്തം പൂമ്പാറ്റ
എന്തൊരു ഭംഗി പൂമ്പാറ്റ
പൂന്തോട്ടത്തിലെ റാണി

നമ്മുടെ സ്വന്തം പൂമ്പാറ്റ
എത്തുന്നു എത്തുന്നു നമ്മുടെ
സ്വന്തം പൂമ്പാറ്റ........

**SAFUVANA E.A**

**V C**



# വികൃതി മാറി

ഒരിടത്തൊരിടത്ത് രണ്ടു വികൃതിക്കുരങ്ങന്മാർ താമസിച്ചിരുന്നു. മങ്കുവും മിങ്കുവും. ഒരു ദിവസം മങ്കുവും മിങ്കുവും മരത്തിൽ ആടിക്കളിക്കുകയായിരുന്നു.അപ്പോഴാണ് ടിന്നുക്കിളിയും മിന്നുക്കിളിയും അതുവഴിവന്നത്.നിങ്ങൾക്കിങ്ങനെ ചെയ്യാൻ പറ്റുമോ?ഏയ്...............ഏയ് മങ്കുവും മിങ്കുവും മിന്നുവിനെയും ടിന്നുവിനെയും കളിയാക്കി.എന്നിട്ട് മരത്തിൽ കിടന്ന് ഓരോരോ അഭ്യാസങ്ങൾ കാണിക്കാൻ തുടങ്ങി മങ്കു തുങ്ങിവേണ്ട വേണ്ട എത്ര എത്ര അഭ്യാസിങ്ങളായാലും ശ്രദ്ധിച്ചില്ലെങ്കിൽ താഴെ വീഴും'. ടിന്നുക്കിളിയും മിന്നുക്കിളിയും പറഞ്ഞു. വികൃതികളായ മങ്കുവും മിങ്കുവും ഇതു കേൾക്കുന്നു എന്നിട്ടും അവർപിന്നെയും അഭ്യാസങ്ങൾ കാണിച്ചു കൊണ്ടിരുന്നു.കുറച്ചു കഴിഞ്ഞപ്പോൾ മിങ്കു പിടിച്ചിരുന്ന മരച്ചില്ല ഒടിഞ്ഞു താഴെ വീണു ക്ര്........... അതോടെ മങ്കു ഒറ്റവീഴ്ച പ്ധോം അയ്യോ........... നടുവൊടിഞ്ഞേ . മങ്കു ഉറക്കെ കരയാൻ തുടങ്ങി. ഞങ്ങളപ്പോഴെ പറഞ്ഞതല്ലേ ? ടിന്നുവും മിന്നുവും ചോദിച്ചതുകേട്ട് കുരങ്ങന്മാർ നാണിച്ചുപ്പോയി.അവർ വേഗം അവിടെ നിന്നു ഓടിപ്പോയി.

**Binta Bijo**
**VI C**

## ഹൃദയനൊമ്പരം

ആർദ്രമാം സ്നേഹത്തിൽ
ഒരു മഞ്ഞു തുള്ളി
വിടപറഞ്ഞകലേക്കകന്നുപോയി
വിരഹാർദ്ര സ്വപ്നത്തിൻ
വിരിഞ്ഞ പൂക്കൾ നിന്റെ
ഹൃദയത്തിൽനിന്നും അകന്നു പോയി
ഇനി ഏതു ജന്മത്തിൽ
ഒരുമിച്ചുകാണുവാൻ
കൊതിയോടെ ഞാനും ഉണർന്നിരുന്നു
ഒരു കുഞ്ഞു പൂവിന്റെ
തീരാക്കടം എനിക്കതിലേറെ
നോവിന്റെ ആഴക്കടൽ
സ്നേഹമെന്താണെന്നറിഞ്ഞിരുന്നു
പിരിയാത്തഹൃദയങ്ങളായിരുന്നു
രണ്ടു പിടയുന്ന മനസ്സായി മാറിടുന്നു
രണ്ടു പിടയുന്ന മനസ്സായി മാറിടുന്നു

ജീവിതക്കടലിൽ നിറഞ്ഞു നിന്നു
നിന്റെ സ്നേഹത്തിൽ ഞാനും നിറഞ്ഞു നിന്നു
വിരിയുന്ന പൂക്കളായി മാറിടുന്നു

*രണ്ടു ഇതളിന്റെ നോവും അറിഞ്ഞിടുന്ന*
*ആർദ്രമാം സ്നേഹത്തിൻ ഒരു മഞ്ഞു തുള്ളി*
*വിടപറഞ്ഞകലേക്കകന്നുപോയി*

***അഖില റെജി***

***IXG***

# സന്ധ്യയുടെ സൗന്ദര്യം

*ചിത്തിരപ്പൂ ചിത്തിരപ്പൂ*
*മെല്ലെയൊന്നുവന്നുതൊട്ടാലും*
*മെല്ലെയൊന്നുവന്നുതൊട്ടാലും*
*കാറ്റിനുണ്ടോ തേൻസുഗന്ധം*
*കാറ്റിലൂടെ വന്നാലും*
*കാറ്റിലൂടെ വന്നാലും*
*സൂര്യകിരണം മാഞ്ഞുനിൽക്കും*
*നേരമീ സന്ധ്യയിൽ*
*നേരമീ സന്ധ്യയിൽ*
*രാവുപകലും നേർക്കുനേർ വന്നുവോ*
*നേർക്കുനേർ വന്നുവോ*



***അൻജലി എൻ. എ***
***VII C***

# വിഡ്ഢിയുടെ വിധി

ഒരിക്കൽ ഒരാൾ തന്റെ കുതിരയെയും ആടിനെയും വിൽക്കാനായി പട്ടണത്തിലേക്ക് പുറപ്പെട്ടു. അറിയപ്പെടുന്ന ഒരു വിഡ്ഢിയായിരുന്നു. അയാൾ ആടിന്റെ കഴുത്തിൽ ഒരു മണികെട്ടിയിട്ടു . ആടിനെ കുതിരയുടെ വാലിൽ കെട്ടി. ആരെങ്കിലും മോഷ്ടിക്കാൻ ശ്രമിച്ചാൽ മണിയുടെ ശബ്ദം കൊണ്ട് അറിയാമല്ലോ എന്ന് അയാൾ വിചാരിച്ചു.

ബുദ്ധിമാന്മാരായ മൂന്നു കള്ളന്മാർ അയാളുടെ കുതിരയെയും ആടിനെയും തട്ടിയെടുക്കാൻ തീരുമാനിച്ചു. ആദ്യത്തെ കള്ളൻ സാവധാനം ആടിന്റെ കഴുത്തിലെ മണി അഴിച്ചെടുത്ത് കുതിരയുടെ വാലിൽ കെട്ടി. ആടിനേയുംകൊണ്ട് അയാൾ കടന്നു. കുറച്ചു സമയം കഴിഞ്ഞ് രണ്ടാമത്തെ കള്ളൻ അയാളെ സമീപിച്ചിട്ട് പറഞ്ഞു . "കുറച്ചുപേർ ചേർന്ന് നിങ്ങളുടെ ആടിനെ മോഷ്ടിച്ച് കൊണ്ടുപോകുന്നത് ഞാൻ കണ്ടു. കുതിരയെ തന്നാൽ ഞാൻ പോയി അവരെ പിടിച്ചുകൊണ്ട് വരാം." ആ വിഡ്ഢി, കള്ളൻ പറഞ്ഞത് കേട്ട് കുതിരയെ വിട്ടുകൊടുത്തു. കുതിരയുമായി പോയ കള്ളൻപിന്നെ വന്നില്ല അയാൾക്ക് തന്നോട് തന്നെ ദേഷ്യം തോന്നി. അയാൾ അടുത്തുള്ള കിണറിനടുത്തേക്ക് നടന്നു. അപ്പോൾ മൂന്നാമത്തെ കള്ളനും ഒപ്പം കൂടി. കള്ളൻ പറഞ്ഞു: "ചില നാണയങ്ങളും വില പിടിപ്പുള്ള സാധനങ്ങളുംകിണറ്റിൽ വീണിട്ടുണ്ട് . അവ എടുത്തുതന്നാൽ ഒരു സ്വർണ്ണനാണയം പ്രതിഫലമായി തരാം ."ഇതു കേട്ട വിഡ്ഢി തന്റെ വസ്ത്രങ്ങൾ അഴിച്ചു വെച്ചിട്ട് കിണറ്റിലേക്കു എടുത്തു ചാടി. കുറേ സമയം തിരഞ്ഞിട്ടും ഒന്നും കിട്ടാതായപ്പോൾ അയാൾ കരയ്ക്കു കയറി. പാവം ഞെട്ടിപ്പോയി! അയാളുടെ വസ്ത്രങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു.



**സന നസ്റിൻ . സി . നൗഷാദ്**

**V C**

# വസന്തമേ .....

*നീ എന്തേ വരാനിത്ര വൈകി?*
*നിന്നെ കാത്ത് ഞാനിരിപ്പൂ!*
*എൻ മനസ്സിൽ ഞാൻ ആഗ്രഹിച്ച പുഷ്പങ്ങൾ*
*കൊണ്ടു വരാൻ എന്തേ വൈകി?*
*ഞാനെൻ കുടിലിന്റെ വരാന്തയിൽ*
*ഇരിക്കും നേരം, നീയെൻ മനസ്സിൽ വിടരുന്നു.*
*സത്യം എന്തെന്നാൽ,സ്വപ്നമെ-*
*ന്നറിയുമ്പോൾ എൻ മനസ്സിൽ നി-*
*ന്നൊരേങ്ങൽ*
*നീ എന്തേ വരാനിത്ര വൈകി?*
*നിന്നെ ഞാനോർക്കുംന്നേരം*
*അങ്കണം നിറയുന്നനിൻ സുഗന്ധത്താൽ*
*ഞാൻ നിന്നെ കാണുന്നു*
*ഞാൻ നിന്നെ ചുംബിക്കുന്നു*
*ഞാൻ നിന്നെ തഴുകുന്നു ഉണർവോടെ*
*സത്യമെന്നിൽ, സ്വപ്നമെ-*
*ന്നറിയുമ്പോൾ, എൻ*
*മനസ്സിൽ നിന്നൊരേങ്ങൽ*
*നീ എന്തേ വരാനിത്ര വൈകി?*
*വീണ്ടും നിന്നെ ഞാൻ കാത്തിരിപ്പൂ.....*

*അപർണ്ണ ബാബു*
***VII C***

# മഴകൊണ്ടുവന്നദുരന്തം

*നാട്ടുവാഴികൾ വാഴുന്ന നാട്ടിൽ*
*ഒരായിരം പ്രശ്നങ്ങളാൽ മഴവന്നുവല്ലോ,*
*കോരിചൊരിഞ്ഞ മഴ കാരണം നാട്ടു-*
*കാരുടെ പാർപ്പിടം പോയി*

*മഴകൊലയാളിയായി വരെ മാറി*
*പോവാൻ പാവം കേരളമെന്തുചെയ്യു*
*മഴയെ ആസ്വദിക്കുന്ന കുട്ടികൾ*
*പോലും മഴയെ പേടിച്ച് മാറിപോയി*

*എന്തിനാ ദൈവമേ ഈ പാവമാം*
*കേരളത്തെ തന്നെ നോവിക്കുന്നത്*
*ഓണവും അത്തവും ആഘോഷി*
*ക്കാനാവാതെ എത്രപേർ ദുഃഖിതരെന്നപോൽ*

*മാവേലിപോലും ഈ നാട്ടിൽ നിന്ന്*
*മഴയെപേടിച്ച് മാറിപ്പോയി*
*കലിതുള്ളി കാലവർഷം തിമിർക്കുമ്പോൾ*
*എന്തിനാണ് ഈ നാടിനെ നോവിക്കുന്നത്*

**ആയുഷി മോഹനൻ**
***VI C***

# ഗോപിയുടെ ഓർമ്മകൾക്കൊപ്പം ഒരു അവധിക്കാലം

രാമപുരം ഗ്രമത്തിലെ ഒരു ചെറിയ വീട്ടിലാണ് എന്റെ അമ്മൂമ്മയും അപ്പൂപ്പനും താമസിച്ചിരുന്നത്.ഞങ്ങൾ

പട്ടണത്തിലാണ് താമസിച്ചിരുന്നത്.

അച്ഛനും അമ്മക്കും അവരുൾപ്പടെയുള്ള എന്റെ അച്ഛന്റെ സഹോദരങ്ങൽക്കും അപ്പൂപ്പനും അമ്മൂമ്മയും ആ

ഗ്രമത്തിൽ കഴിയുന്നത് ഇഷ്ട്ടമായിരുന്നില്ല.എന്നാൽ ഞങ്ങൾ കൊച്ചു മക്കൾക്ക് അവിടുത്തെ അവധിക്കാലം വളരെ സന്തോഷവും സമാധാനവും നൽകുന്നതായിരുന്നു. പട്ടണത്തിലേക്ക് ചെല്ലാൻ പലവട്ടം അപ്പൂപ്പനെയും അമ്മൂമ്മയേയും അവർ നിർബന്ധിച്ചിരുന്നു. മാതാപിതാക്കൾ ഗ്രാമത്തിൽ കഴിയുന്നത് അവർക്ക് വലിയ കുറച്ചിലാണത്രേ! പക്ഷേ പ്രശാന്ത സുന്ദരമായ ഈ നാട്ടിൻപ്പുറം വിട്ട് നഗരത്തിലേക്ക് പോകാൻ അപ്പൂപ്പൻ തൽപ്പര്യപ്പെട്ടില്ല. അപ്പൂപ്പനെ എല്ലാവർക്കും ഇഷ്ടമാണ്. കുട്ടികൾക്ക് പ്രത്യേകിച്ചും. തെങ്ങോലകൊണ്ട് പീപ്പിയും പന്തും കാറ്റാടിയും തൊപ്പിയുമൊക്കെ ഉണ്ടാക്കുവാൻ ഒരു പ്രത്യേക വിരുതുണ്ട് അപ്പൂപ്പന്. രാവിലെ തുടങ്ങി പിള്ളേരുമായി ചങ്ങാത്തം.ഇങ്ങേരുടെ ഒരോ ഗോഷ്ട്ടികളേയ്. ഈ വിറകൊന്ന് കീറിയിരുന്നെങ്കിൽ അടുപ്പിൽ വക്ക്യമായിരുന്നു. അമ്മൂമ്മ പരിഭവം പറഞ്ഞു.അപ്പൂപ്പന്റെ മറുപടി പെട്ടെന്നായിരുന്നു. "ഒന്ന് പോടി കെളവി, അല്ലോ അവളു പറയുന്നത് കേട്ടാൽ എനിക്ക് ഏതാണ്ട് വയസ്സായപോലെ. ദേ, കണ്ടോ എന്റെ വായിൽ പല്ല് മുളച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് അവരോടൊപ്പം ഇഷ്ടം പോലെ കളിക്കാം. നീ പോയി കേസ് കൊടുക്ക്.....” ഇത്രയും പറഞ്ഞ് പല്ലില്ലാത്ത മോണ കാട്ടി അപ്പൂപ്പൻ പൊട്ടിച്ചിരിക്കും. ഞങ്ങൾ ഒന്നടക്കം ആ ചിരിയിൽ പങ്കുചേരും. "എടോ മനുഷ്യ, ഇതാണ് പരുവമെങ്കിൽ വെള്ളം കുടിച്ച് വയറു നിറക്കത്തെയൊള്ളൂ... അവസാനം അപ്പൂപ്പന് അമ്മൂമ്മ പറയുന്നത് കേൾക്കേണ്ടി വരും.” ഇങ്ങനെ രസകരമാണ് അവിടുത്തെ അവധിക്കാലം. രാത്രയിൽ അമ്മൂമ്മയുടെ കട്ടിലിന് ചുറ്റിമാണ് കുട്ടികളുടെ ഇരിപ്പ്. രാമായണ കഥകളും പറഞ്ഞ് അവർ അവിടെ തന്നെ കിടന്നുറങ്ങുകയും ചെയ്യും. ഗ്രാമത്തിൽ ചെന്നാൽ

ഞങ്ങളുടെ ഏറ്റവും വലിയ ആവശ്യം താമരക്കുളത്തിലെ താമര പറിക്കാനും അമ്പലക്കുളത്തിൽ ചാടാനും പുഴയിൽ മീൻ പിടിക്കാൻ പോകാനും അച്ചിങ്ങ കളിക്കാനുമാണ്. ഈ വക കുസൃതികൾക്ക് അപ്പൂപ്പനും കൂട്ടുണ്ട്. കാർ ബ്രൈക്കിട്ടപ്പോഴാണ് ഓർമ്മയിൽ നിന്ന് ഉണർന്നത്. അവൻ പുറത്തിറങ്ങി.പതിവ് പോലെ അമ്മുവും അപ്പുവും അമ്മിണിയുടെ പിന്നാലെയാണ്. മുത്തശ്ശി ചാരുകസേരയിൽ ഇരിപ്പുണ്ട് . ഞാൻ വന്നെന്ന് മനസ്സിലായതു കൊണ്ടാണെന്ന് തോന്നുന്നു. മുത്തശ്ശി പിറുപിറുത്തു. ഗോപി എന്റെ വെറ്റില തീർന്നു. ഞാൻ ബാഗിൽ നിന്നും ഒരു പൊതിയെടുത്ത് മുത്തശ്ശിക്ക് കൊടുത്തു. ഇത് കണ്ട അമ്മുവും അപ്പുവും

ഓടി എന്റെ അടുത്ത് വന്ന് നിൽപ്പായി. മിഠായിക്ക് വേണ്ടിയുള്ള നിൽപ്പാണത്. ഞാൻ പണ്ട് അപ്പൂപ്പന്റെ അടുത്ത് നിന്നു കിണിങ്ങിയത് ഓർത്തു. ഞാൻ കുളക്കരയിൽ പ്പോയി കുളിക്കനെന്ന വ്യജേന വെറുതെ പഴയ ഓർമ്മകളെ ചികഞ്ഞെടുത്തു. അപ്പൂപ്പൻ മരിച്ചെന്ന് വിളിച്ചറീച്ചപ്പോൾ  ഞാനും രേഖയും പെട്ടികരഞ്ഞതും പിന്നെ ഇവിടെ വന്ന ശേഷം ഞാൻ വരില്ലാ എന്ന് വാശിപിടിച്ച് കരഞ്ഞതും അങ്ങനെ എന്റെ നിർബന്ധത്തിൽ എന്നെ ഇവിടുത്തെ സ്കൂളിൽ  ചേർത്തതും ഇവിടെ തന്നെ മാഷായി ജോലി ചെയ്യുന്നതും എല്ലാം അയവിറക്കി ഞാൻ

നിന്നു.എല്ലാം ഇന്നാലെ കഴിഞ്ഞപോലെ മനസ്സിലൂടെ കടന്നുപോയി. പുറകിൽനിന്നും സുമതി വിളിച്ചപ്പോഴാണ് ഞാൻ കുളിക്കാൻ തുടങ്ങിയത്. കുളികഴിഞ്ഞ് കയറിയ എനിക്ക് നേരെ തോർത്ത് നീട്ടികൊണ്ട് അവൾ പറഞ്ഞു.ചേട്ട നാളെ എല്ലാവരും വരുന്നുണ്ട്. ഇന്ന് സ്കൂൾ പൂട്ടിയില്ലെ. അയാൾ ഓർത്തു വീണ്ടും ഒരു അവധിക്കാലം കൂടി വരവായി മുത്തശ്ശന്റെ ആഗ്രഹം പോലെ എല്ലാവരും ഒന്നിച്ചുള്ള ഒരു അവധിക്കാലം.

**ഫർസാന നിസാർ**
**IX E**

# സാമുദായിക സൗഹൃദം

ഭാരതസംസ്കാരം സാമുദായിക സൗഹൃദത്തിന്റെ പ്രതീകമാണ്. നാനാജാതിമതസ്ഥർ ഇവിടെ സാഹോദര്യത്തോടെ ജീവിക്കുന്നു. വിവിധ ഭാഷകളുടെയും സംസ്കാരങ്ങളുടെയും സങ്കൽപ്പനം കൂടിയാണിത്. ഹിന്ദു-ക്രിസ്ത്യൻ-ഇസ്ലാം എന്നീ മതവിശ്വാസികൾ നമ്മുടെ നാട്ടിൽ സാഹോദര്യത്തോടെ ജീവിക്കുന്നുണ്ട്. അങ്ങനെ വ്യത്യസ്ഥ ആരാധനരീതികളും സങ്കൽപ്പങ്ങളും വിശ്വാസങ്ങളും വച്ച് പുലർത്തുന്നു. എങ്കിലും എല്ലാമത വിശ്വാസികളും പരസ്പര ആദരവോടെയും സഹിഷ്ണുതയോടും സമുദായ സൗഹാർദം കാത്തുസൂക്ഷിക്കുന്നു.

ഒരു രാജ്യത്തിന്റെ സമ്പത്ത് അവിടുത്തെ ജനങ്ങളുടെ അധ്വാനവും ആരോഗ്യവും അതിലുപരി വിശ്വാസങ്ങളുമാണ്. ഭാരതത്തെപ്പോലുള്ള ഒരു രാജ്യത്ത് സാമുദായിക സൗഹൃദത്തിന്റെ പ്രശസ്തി വളരെ വലുതാണ് എന്ന് ഇതിലൂടെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ ചിലപ്പോഴെങ്കിലും ഇതിനു നാം കോട്ടം സംഭവിപ്പിക്കാറുണ്ട്. രാഷ്ട്രീയമോ,മതപരമോ, വംശീയമോ ആയകാരണങ്ങളാകാം ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട്തന്നെ ഇന്ത്യയെ സംബന്ധിച്ച ഐക്യം,സൗഹൃദം,ഏകോപനം, എന്നീ ആശയങ്ങൾ അർഥവത്തോടെ കാത്തു സൂക്ഷിക്കേണ്ടത് ഭാവി തലമുറയുടെ വാഗ്ദാനങ്ങളായ നമ്മളേവരുടേയും കർത്തവ്യമാണ്.

**അനീറ്റ എൽദോസ്**
**IX D**





അ എന്ന  അക്ഷരം  ചൊല്ലിത്തരുന്ന അരുമയാം വിദ്യാലയം
അറിവിന്റെ  ലോകമെൻ  കൈപ്പിടിക്കുള്ളിലെന്നറിയിച്ച വിദ്യാലയം
ആദരവോടെ നാം കാണേണ്ട  ഗുരുനാഥർതൻ  സ്നേഹവലയത്തിനുള്ളിൽ,
ആപത്തുതട്ടാതെ  പാടവം നേടുന്ന ഭവനം വിദ്യാലയം ,
ഭവനം വിദ്യാലയം

എന്നിട്ടും നമ്മളതിൻതൻ ശ്രേഷ്ഠത മാനിക്കുന്നില്ലത് സത്യം
ജീവന്റെ ഉറവയാം ജ്ഞാനത്തിനെന്തേ നവ്യനീട്ടുന്നില്ല മർത്യർ
ആസ്ത്തിതൻ ഗർവിന്റെ നെറുകയിൽ മയക്കംമർത്യർക്ക് ശരണം
മറക്കാതിരിക്കുക മർത്യനീ വിജ്ഞാനെ സമ്പന്നവിദ്യാലയത്തെ
ആദരപൂർവ്വംകാണുക നീ നിൻ അമ്മയാം പള്ളിക്കൂടത്തെ.



ശരണംതേടുകനീ അറിവിന്റെ ഉറവയാം വിദ്യാലയത്തെ
എന്നിട്ട് കാണുക മർത്യൻതൻ ജീവിതഗതിതൻ ഭേദം.
വിദ്യാലയത്തിന്റെ ശ്രേഷ്ഠത മാനിച്ചവർക്കെ ഇന്നിന്റെ ലോകത്ത് സ്ഥാനമൊള്ളു.
കൂപ്പുക നിൻകൈകൾ നിന്നെ നീയാക്കിയ വിദ്യാലയത്തിന് മുന്നിൽ ,
വിദ്യാലയത്തിന് മുന്നിൽ.

രചന,
ഷാരോൺ  ഷാജു.
9 e



# ദേവൂട്ടി

"ദേവൂയേച്ചി" ... വിളി കേട്ടപ്പോൾ ദേവൂതിരിഞ്ഞ് നോക്കി, അപ്പുവാണ്." എന്താ അപ്പുക്കുട്ടാ, ഇന്ന് നേരത്തേ എണീറ്റോ? ". "ഉം. ദേവൂയേച്ചി ഇന്നെന്താ നേരത്തേ?", അപ്പൂന്റെ പതിവ് ചോദ്യങ്ങളിലൊന്നെത്തി. "എനിക്കും വേണ്ടേ അപ്പൂ നല്ലകാലം" എങ്ങും തൊടാതെ അവളുടെ മറുപടി. " എന്തിനാ, എന്നും ഈ കൊട്ടേം വട്ടീം കൊണ്ട് ഈ താമര പറിക്കണേ?" അതു ചോദിച്ച് നോക്കുമ്പോൾ അവൻ ദേവൂവിനെ കണ്ടില്ല. അവൾ ചന്തയിലെത്തിയിരുന്നു.

അല്ല ആരാ ദേവൂവെന്ന്ഞാൻ പറഞ്ഞില്ലല്ലോ. ദേവൂ. ഒരു ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. അച്ഛൻ രാമൻ,അമ്മ സുഭദ്ര, അനിയത്തി കീർത്തന. അഞ്ചാം തരത്തിലാണ് പഠിക്കുന്നത്. അവൾ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ അച്ഛൻ മരിച്ചു. അമ്മ ഒരു നർത്തകിയായിരുന്നു. അച്ഛൻ മരിച്ച് മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ അമ്മയ്ക്ക് ക്ഷയരോഗം വന്നു. അതോടെ എല്ലാ ചുമതലയും ദേവൂവിനു കിട്ടി. അവൾ താമര വിറ്റുകിട്ടുന്ന പണം കൊണ്ടുവേണം അടുപ്പ് പുകയ്ക്കാൻ.

കൃത്യം 9 മണിക്ക് അവൾ വീട്ടിലെത്തി.അകലെ നിന്നുതന്നെ അമ്മയുടെ ചുമ കേൾക്കാം. അവൾ വീട്ടുപടിക്കൽ ഇരുന്ന് കാശെണ്ണാൻ തുടങ്ങി. അമ്മയ്ക്ക് മരുന്നു വാങ്ങണം. പറ്റിയാൽ ആശുപത്രിയിലും കയറണം. അവളുടെ ചിന്തകൾ പെരുകാൻ തുടങ്ങി. അമ്മയ്ക്ക് ചുമ കൂടി അവർ ഒരു കട്ട ചോര തുപ്പിയതുപോലും അവൾ അറിഞ്ഞില്ല. കാരണം അവൾ മെഡിക്കൽ ഷോപ്പിലായിരുന്നു. കൈയിലുണ്ടായിരുന്ന പണം മുഴുവൻ ചിലവാക്കി മരുന്നു വാങ്ങി. പക്ഷെ വീട്ടിലെത്തിയപ്പോൾ അവൾ കണ്ടത് ഒരു ആൾക്കൂട്ടമാണ്. ഇറയത്ത് ഗോപിയേട്ടൻ ഇരിക്കുന്നു. അകത്ത് നിന്ന് കീർത്തിമോളുടെ കരച്ചിൽ. അകത്ത് കയറിയ അവൾ തരിച്ചു നിന്നു പോയി. കൈയിലെ പൊതി താഴെ വീണു. അമ്മയെ വെള്ള പുതപ്പിച്ച് കിടത്തിയിരിക്കുന്നു. എന്നാലവൾ കരഞ്ഞില്ല. വീടിന്റെ ഒരു മൂലയിൽ പോയി ചാഞ്ഞിരുന്നു. അവൾ തിരിച്ചറിയുന്നു, അമ്മയും അവളെ വിട്ടകലുന്നു...

**മാളവിക കെ.**

**VIII C**

# ടിങ്കുവും പിങ്കുവും

*പണ്ട് പണ്ട് ഒരു മുയലമ്മയുണ്ടായിരുന്നു. മുയലമ്മക്ക് രണ്ട് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. അവരുടെ പേര് ടിങ്കുവും പിങ്കുവും എന്നാണ്. അവർ എല്ലാവരും നല്ല സന്തോഷത്തിലാണ് കഴിയുന്നത്. ഇത് കണ്ട മണിയൻ മുയലിന് ദേഷ്യമായി ഇവരെ എങ്ങനെയാണ് പിരിക്കുന്നത് എന്ന് ഓർത്ത് നടക്കുകയാണ്.ഒരിക്കൽ പിങ്കുവിന്റെ ഏറ്റവും ഇഷ്ട്ടപ്പെട്ട ഉടുപ്പ് മുറ്റത്ത് കീറി കിടക്കുന്നു. നിന്റെ ഉടുപ്പ് ആരോ മുറ്റത്ത് കീറിയിട്ടിരിക്കുന്നു ടിങ്കു പറഞ്ഞു.അപ്പോൾ പിങ്കു പറഞ്ഞു നീയല്ലേ എന്റെ ഉടുപ്പ് കീറിയിട്ടത്. ടിങ്കു ചോദിച്ചു ഞാൻ എന്തിനാ നിന്റെ ഉടുപ്പ് കീറുന്നത്. എനിക്ക് അതുപോലത്തെ ഉടുപ്പ് ഇല്ലേ? പിന്നെ എന്തിനാ? നിന്റെ ഉടുപ്പിനേക്കാൾ എന്റെ ഉടുപ്പ് നല്ലതായതിനാൽ നീ എന്റെ ഉടുപ്പ് കീറികളഞ്ഞതാ. സത്യം എനിക്ക് മനസ്സിലായി. അപ്പോൾ മണിയൻ കടന്നുവന്നു. എന്താ മണിയൻ ചേട്ട ടിങ്കു ചോദിച്ചു?മണിയൻ പറഞ്ഞു നിങ്ങളുടെ വഴക്ക് കേട്ട് വന്നതാ. ഈ ഉടുപ്പ് കീറിയതാരാണെന്ന് എനിക്കറിയാം പിങ്കുവാണ് ഈ ഉടുപ്പ് കീറിയത് പിങ്കു തന്നെയാണ്. പിങ്കു പറഞ്ഞു ഞാൻ അല്ല ഞാൻ ഒരിക്കലും അങ്ങനെ ചെയ്യില്ല.മണിയൻ ചേട്ടൻ അത് കണ്ടോ? പിങ്കു ചോദിച്ചു. മണിയന്റെ മറുപടി പെട്ടെന്നായിരുന്നു 'കണ്ടു' .പിങ്കു ചോദിച്ചു എങ്ങനെയാണ് മണിയൻ ചേട്ടൻ കണ്ടത്? മണിയൻ പറഞ്ഞു ഇന്നലെ രാത്രി വീടിന് വെളിയിൽ പിങ്കു നിൽക്കുന്നത് ഞാൻ കണ്ടു. എന്തോ കീറിയിട്ടിട്ട് പോകുന്നതാണ് ഞാൻ കണ്ടത്.അപ്പോഴാണ് അമ്മ വന്നത് അമ്മ വന്നത് കണ്ട് മണിയൻ ഒന്ന് പരുങ്ങി.അമ്മ പറഞ്ഞു ടിങ്കുവല്ല നിന്റെ ഉടുപ്പ് കളഞ്ഞത് മണിയനാണ്. അപ്പോൾ മണിയൻ അവിടെ നിന്നും മുങ്ങി.ടിങ്കു ക്ഷമിക്കടാ.. നിന്നെ ഞാൻ തെറ്റിദ്ധരിച്ചു. എന്നിട്ട് ടിങ്കുവും പിങ്കുവും ആ കഥ നാട്ടിലെങ്ങും പാട്ടാക്കി.വീട്ടുകാരുടെയും നാട്ടുകാരിടേയും മുഖത്ത് മണിയന് നോക്കാൻ കഴിയാതായി. മണിയൻ അവിടം വിട്ട് എവിടെക്കോ ഓടിപ്പോയി. അപ്പോൾ മുയലമ്മക്കും കുഞ്ഞുങ്ങൾക്കും സന്തോഷവും സമാധാനവുമായി*

*അവർ സുഖമായി പിന്നീട് ജീവിച്ചു.*



***തമീസ ഫർഹത്ത്*** **VI C**

# ചൊല്ലുകൾ

## കൃഷിച്ചൊല്ലുകൾ



.പറിച്ചുനട്ടാലെ കരുത്തുകൂട്ടൂ.

.അതി വിളവിന് അരിയങ്ങാടിയിൽ.

.ഇളങ്കോടൻ പടയ്ക്കാകാ ഇളന്തേങ്ങ കറിയ്ക്കാകാ.

.ഇനം ഇനത്തെക്കാക്കും.വേലി വിളവുക്കാക്കും.

.ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന മുളച്ച തകര.

.ഉഴുന്ന കാള വിത്തറിയേണ്ട.

.ഒരു വിത്തു വിതച്ചാൽ പല വിത്തു വിളയാം.

.കച്ചി കെട്ടാനുള്ള കയറ് കച്ചിയിൽത്തന്നെയുണ്ട്.

.നെല്ലറ പൊന്നറ.

.കോരി വിതച്ചാൽ കുറച്ചേ കൊയ്യൂ.

## ഓണച്ചൊല്ലുകൾ

- ഓണത്തിനിടക്കാണോ പുട്ടുകച്ചവടം
- കാണം വിറ്റും ഓണം ഉണ്ണണം

- ഉറുമ്പും ഓണതത്തിനു കരുതും
- ഓണത്തേക്കാൾ വലിയ മകമുണ്ടോ
- ഓണം വരാൻ ഒരു മൂലം വേണം
- ഉള്ളതുകൊണ്ട് ഓണംപോലെ
- ഓണം പോലെയാണോ തിരുവാതിര
- ഓണമുണ്ട വയറേ ചൂളം പാടിക്കിട

## പൃഴച്ചൊല്ലുകൾ

- ആറ്റിൽ കിടക്കുന്നതോണിയും വായിൽ കിടക്കുന്ന നാക്കും ഉരുളാതിരിക്കില്ല
- ആറ്റിലിറങ്ങിയവനേ ആഴമറിയൂ
- ആറുകവിഞ്ഞേ തോട്ടിൽ പായൂ
- നദിയൊഴുകിയാൽ കടലിലോളം
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- കരയടുത്താലും തുഴ കളയരുത്
- കരയ്ക്കിട്ട മീൻപോലെ

**ആഷ്ന പി. യൂസഫ്**
**IX C**



## കുസൃതി ചോദ്യങ്ങൾ

1. ഒരു ചായക്കടയിൽ ഇരുന്നൂറ്റി രണ്ട് ചായയുണ്ടാക്കി.ഒരുചേട്ടൻ ആ ചായകടയിൽ നിന്ന് രണ്ട്ചായ കുടിച്ചു ബാക്കിയെത്ര?

2. ഒരു വെള്ള റോഡ് അവിടെ ഒരു കറുത്തകാർ ഓടിക്കളിക്കുന്നു എന്ത്?

3. ഒരു പച്ച വണ്ടി അതിന്റെ ഉള്ളിൽ ചുവന്ന സീറ്റ്, കറുത്ത മനുഷ്യർ ഏത് വാഹനമാണ് അത്?

4. യാത്രചെയ്യാൻ പറ്റാത്ത കാർ?

5. ചവിട്ടാൻ പറ്റാത്ത പടി?

6. ഗാന്ധിജി ഓടിച്ചകാർ?

ഉത്തരങ്ങൾ

1. ഇരുന്നിട്ട് ഊറ്റി രണ്ട് ചായ. അപ്പോ ബാക്കി പൂജ്യം
2. കണ്ണ്
3. തണ്ണിമത്തൻ
4. മഴക്കാർ
5. മറുപടി
6. വെള്ളക്കാർ



**Eza Mary**
**VI B**

# സിനുവിന്റെ കുഞ്ഞു മൈന

സിനുവിന് പക്ഷികളെ വല്യ ഇഷ്ട്ടമാണ്. ഒരിക്കൽ സിനുവിന്റെ അച്ഛൻ പട്ടണത്തിൽപോയി
വന്നപ്പോൾ സിനുവിന് ഒരു മൈനയെ വാങ്ങികൊടുത്തു.സിനുവിന് വളരെയധികം സന്തോഷ-
മായി.
അവൾ അതിനെ കുഞ്ഞു എന്നാണ് വിളിച്ചിരുന്നത്. ഒരു ദിവസം കുഞ്ഞുവിനെ വിഴുങ്ങാൻ ഒരു
ചേരവന്നു. സിനുപേടിച്ച് പോയി. അവൾ ബഹളമുണ്ടാക്കി. ആ ചേരപോയി.പിന്നെ ഒരു ദിവസം
കൂടി ചേര വന്നു. സിനു വടിയെടുത്ത് ഓടിച്ചു. കുറേ നാളത്തേക്ക് ചേര വന്നില്ല. ഒരിക്കൽ സിനുവും കുടുംബവും ദൂരെ പട്ടണത്തിൽ പോയി വന്നപ്പോഴാണ് സിനുവിന്റെ ഏറ്റവും
പ്രിയപ്പെട്ട കുഞ്ഞു ചത്തുകിടക്കുന്നത് കണ്ടത്. അത് കണ്ട സിനു ആ ദിവസം മുഴുവൻ കരഞ്ഞു.
അച്ഛൻ സമാധാനിപ്പിച്ചെങ്കിലും കുഞ്ഞുവിനെ കൊന്നത് ചേരയാണെന്ന് അവൾ വിശ്വസിച്ചു. പക്ഷേ
അച്ഛൻ പറഞ്ഞു ചേരയാണെങ്കിൽ കുഞ്ഞുവിനെ തിന്നുമായിരുന്നു.
ചേരയെ വെറുതെ തെറ്റിദ്ധരിച്ചതിൽ സിനു സങ്കടപ്പെട്ടു.

**കൃഷ്ണജ കെ.പി**
**VII E**



# കടങ്കഥകൾ

1. എന്റെ കിടപ്പ് വള്ളിയിലാണ്,മേല് നിറയേ ചൊറിയാണ്.
പാവക്ക

2. കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും.
ചിതൽ

3. കൈപ്പത്തിപോലെ ഇല, വിരലുപോലെ കായ.
വെണ്ട

4. കൊമ്പിൻമേൽ തുളയുള്ള കാള.
കിണ്ടി

5. ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും.
മേഘം

6. ജീവനില്ല കാലുമില്ല ഞാൻ എത്താത്ത ഇടവുമില്ല എന്നെക്കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്ക്കരം.
നാണയം

7. അടിയിൽ വെട്ടി ഇടക്ക് കെട്ടി തലയിൽ ചവുട്ടി.
നെല്ല് കൊയ്തുമെതിക്കുന്നത്

8. തോലില്ല കുരുവില്ല പഴം തൊട്ടാൽ കൈയ്യിൽ ഊതിക്കും പഴം.
തീക്കനൽ

9. നീണ്ടുനീണ്ട് മാനം നോക്കി പച്ചകുപ്പകാരൻ.
മുള

10. പഞ്ചപാണ്ഡവന്മാർ അഞ്ചുപേർക്കും കൂടി ഒരേയോരു മുറ്റം.
കൈപ്പത്തി.

11. പച്ചപലക കൊട്ടരത്തിൽ പത്തും നൂറും കൊട്ടതേങ്ങ.
കപ്പങ്ങ

12. പിടിച്ചാൽ ഒരുപിടി അരിഞ്ഞാൽ ഒരുമുറ്റം.
ചീര



**അന്ന.എം.എൽദോ.**
**VI C**

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം
സ്നേഹ വിദ്യാലയം .......(2)
പുണ്യത്തിൻ വിദ്യാലയം.....
പുണ്യത്തിൻ വിദ്യാലയം.....
അറിവായും തണലായും ......
കൂടെയുണ്ട്

സ്നേഹമാണെന്റെ വിദ്യാലയം(2)
സ്നേഹം നിറഞ്ഞ അക്ഷരം ....
അതിലെ മധുനകരാം....കൂട്ടരെ....
അതിലെ മധുനകരാം....

ആകാശത്തിലെ നക്ഷത്രത്തെക്കാൾ
സുന്ദരമാണെന്റെ വിദ്യാലയം.....
സൂര്യനും ചന്ദ്രനും പോലെ.

എത്ര മനോഹര വിദ്യാലയം....
അറിവിന്റെ ചെപ്പ് തുറന്ന എൻ
ഗുരുക്കന്മാർ എത്ര മനോഹരം....

സ്നേഹവും കുറുമ്പും നിറഞ്ഞ
മനോഹരത്തിന്റെ വിദ്യാലയം.....(2)
അമ്മയായും അച്ഛനായും
കൂട്ടുകൂടാനും കൂടെയുണ്ട്....(2)
അവർ കൂടെയുണ്ട്.....



**Sree Krishna K.S**
**IX B**

# എന്റെ കാമിനി

*മാനത്തുടെ പാറിപ്പറക്കും*
*വിണ്ണിന്റെ ചാരത്തിരിക്കും*
*എൻ പ്രിയ കാമിനിയേ...*
*എൻ മനം നീ കവർന്നു*
*നിന്നുടെ സൗന്ദര്യത്തിൽ*
*ഞാനൊന്നു കൊതിച്ചിരുന്നോട്ടെ*
*മാവിന്റെ കൊമ്പത്തിരുന്നു*
*തത്തി തത്തി നീ കളിച്ചു*
*നിന്റെ ഈ സൗന്ദര്യത്താൽ*
*എൻ മനം നീ കവർന്നു*
*മാവിന്റെ ചാരത്തിരിക്കും*
*മാമ്പൂവിൻ കൊമ്പത്തിരിക്കും*
*ഞാനൊന്നു നോക്കി രസിച്ചോട്ടെ*

***അൻജലി എൻ.എ***
***VII C***



## വായനാശീലം

## കുട്ടികളിൽ

മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശം പരത്താൻ വായനപോലെ ഉതകുന്ന മറ്റൊന്നില്ല. ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. കെടാവിളക്കുപേരുപോലെ തന്നെ കെട്ടുപോകുന്നതല്ല. ഉത്തമഗ്രന്ഥങ്ങൾ വായിക്കുന്നവരിൽ മഹത്ത്വപൂർണ്ണമായ ആത്മസംസ്കാരമാണ് സംഭവിക്കുന്നത്. വായന മനസ്സിന്റെ ഭക്ഷണമാണ്.

സംസ്കാരിക ചരിത്രത്തിലെ പ്രധാനഘടകമാണ് എഴുത്തും വായനയും. വായനയുടെ ചാരുതയും അത് വഴിലഭിക്കുന്ന ആഹ്ലാദവുമാണ് സത്യം. സമ്പത്തുകൊണ്ടും വികാരപൂർണതകൊണ്ടും ലഭിക്കുന്ന സന്തോഷം ഒരാളിലുംശാശ്വത സുഖമോ സന്തോഷമോ നൽകുന്നില്ല. എന്നാൽ വായനയിൽ നിന്ന് ഒരാൾക്ക് ലഭിക്കുന്ന ആനന്ദം ഊഷ്മളവും ഹൃദ്യവുമാണ്.

കുട്ടികളിൽ ഒളിഞ്ഞും ഉറഞ്ഞും കിടക്കുന്ന സർഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാൻ ഉത്തമഗ്രന്ഥ പാരായണത്തിന് കഴിയുന്ന അച്ചടക്കവും കർമ്മതന്റേടവുമുള്ള ഒരു ജനതയെ വളർത്താൻ വായനയേ പ്രോത്സാഹിപ്പിക്കുക മാത്രമാണ് മാർഗമെന്ന് ഗാന്ധിജിയും വിശ്വസിച്ചിരുന്നു. മനുഷ്യന്റെ മഹത്ത്വം മനസ്സിന്റെ ശ്രേഷ്ഠതയാണ്. നിഷ്കർഷമായ വായനകൊണ്ടേ ഒരു തിളക്കമാർന്ന മനസ്സിന്റെ ഉടമയാകാനാവൂ. വായന വാരിവലിച്ചുള്ളതാകാൻ പാടുള്ളതല്ല. എത്ര വിശിഷ്ട ഭക്ഷണമാകട്ടെ, അധികമായാലും സമയം കെട്ടായാലും അജീർണം ബാധിക്കും. വായനക്കും അത് ബാധകമാണ്. ധാരാളം വായിച്ച് തള്ളുന്നത് വായനയല്ല. വളരെ വായിക്കുകയല്ല, വഴിയെ വായിക്കുകയാണ് വേണ്ടതെന്ന് പറയുന്നത് അതുകൊണ്ടാണ്.

"വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും."

വായനയില്ലാതെ ജീവിക്കാനാവുകയില്ല. ഉച്ചത്തിൽ വായിക്കുന്നത് അത്ര

*നല്ലതല്ലന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മൗനവായനയെ മനം അറിയൂ എന്നത് എത്രവാസ്തവം! സ്നേഹം, ജീവകാരുണ്യം, ധാർമികബോധം എന്നീഗുണങ്ങൾ വായനയിലൂടെ ലഭിക്കുന്നതാണ്. സംസ്കാരമുള്ള ഒരു ജനത വളരാൻ, നല്ല വായനാശീലമാണ് കുട്ടികളിൽ ഉണർത്തേണ്ടത്.*

***അമൂല്യ പ്രദീപ്***
***IX E***

# ഉണ്ണിയുടെ നല്ല കൂട്ടുകാരൻ അപ്പു

ഉണ്ണി ഒരു ഗ്രമത്തിലെ വലിയ വീട്ടിൽ താമസിക്കുന്ന കുട്ടിയായിരുന്നു. അവൻ ഒരു നല്ല കുട്ടിയായിരുന്നു. അവന് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അവന്റെ പേര് അപ്പു എന്നായിരിന്നു. അവൻ ഒരു ചെറിയ വീട്ടിലെ കുട്ടിയായിരുന്നു. അവന് ഉണ്ണിയെ വലിയ ഇഷ്ട്ടമായിരുന്നു. അതുപോലെ തന്നെ ഉണ്ണിക്കും വലിയ ഇഷ്ട്ടമായിരുന്നു. പക്ഷെ ഇവരുടെ കൂട്ടുകെട്ട് ഉണ്ണിയുടെ അമ്മക്ക് ഇഷ്ട്ടമായിരുന്നില്ല. അവന്റെ അമ്മയുടെ മനസ്സ് വളരെ കഠിനമുള്ളതായിരുന്നു. പാവപ്പെട്ടവന്റെ കൂടെ തന്റെ മകൻ കളിക്കുന്നത് കണ്ടാൽ മറ്റുള്ളവർ എന്ത് വിചാരിക്കും എന്നാണ് ആ സ്ത്രീ ചിന്തിച്ചത്. അങ്ങനെ ഇരിക്കുമ്പോൾ ഒരിക്കൽ ഉണ്ണി അപ്പുവുമായി കളിച്ചുകൊണ്ടിരിക്കേ അപ്പുവിന്റെ അമ്മ അപ്പുവിനെ എന്തോ ആവശ്യത്തിന് വിളിച്ചു. അവൻ ഉണ്ണിയോട് ഇപ്പോൾ തന്നെ വരാമെന്ന് പറഞ്ഞുപോയി. ഈ സമയം ഉണ്ണിയുടെ അമ്മ അവനോട് പറഞ്ഞു. മോനെ ഞാൻ നിന്നോട് പറയുന്ന കാര്യങ്ങൾ കേൾക്കറുമുണ്ട് അനുസരിക്കാറുമുണ്ട്. അതുകൊണ്ട് അമ്മ ഒരു കാര്യം പറയാം അത് മോൻ അനുസരിക്കണം. കാരണമെന്തന്നാൽ നീ അപ്പുവുമായുള്ള കൂട്ടുകെട്ട് നിർത്തണം. അവൻ ഇത് കേട്ടതും ഞെട്ടിപ്പോയി എന്നിട്ട് കാരണമെന്താണന്ന് ചോദിച്ചു അപ്പോൾ അമ്മ പറഞ്ഞു മോനെ നീ ഒരു വലിയ വീട്ടിലെ കുട്ടിയാണ്. അപ്പു ഒരു ചെറിയ വീട്ടിലെ കുട്ടിയും. അവന് നിന്നെപ്പോലെ നല്ല വസ്ത്രങ്ങളില്ല നല്ല ചെരുപ്പുകളുമില്ല അതുപോലെ തന്നെ ഭക്ഷണവും ഇല്ല. അമ്മ പറഞ്ഞതിൽ ചെറിയ കാര്യമില്ലേ എന്ന് മകന് തോന്നി. ഈ പറഞ്ഞതെല്ലാം അപ്പു കേൾക്കുന്നുണ്ടായിരുന്നു. പാവം അവൻ കരച്ചിൽ അടക്കി പിടിച്ച് നിന്നു. എന്നിട്ട് ഉണ്ണിയുടെ അമ്മ കയറിപോയപ്പോൾ അപ്പു ഉണ്ണിയുടെ അടുക്കലേക്ക് ചെന്നു. എന്നിട്ട് പറഞ്ഞു ഉണ്ണി നിന്റെ അമ്മ പറഞ്ഞത് വളരെ ശരിയാണ്. നീ അമ്മ പറയുന്നത് കേൾക്കണം എനിക്ക് നിന്റെ കൂടെ കൂടാനുള്ള യോഗ്യതയില്ല അതുകൊണ്ട് ഞാനിനി നിന്നെ കാണുകയില്ല. ഇതും പറഞ്ഞ് അവൻ പൊട്ടികരഞ്ഞു. ഉണ്ണിക്ക് സഹിക്കാനായില്ല. അവൻ അപ്പുവിനെ കെട്ടിപ്പിടിച്ചു. ഉണ്ണിയുടെ കൈതട്ടിമാറ്റി അപ്പു അവന്റെ വീട്ടിൽപോയി. ഇതെല്ലാം ഉണ്ണിയുടെ അച്ഛൻ കാണുന്നുണ്ടായിരുന്നു. അച്ഛന്റേയും കണ്ണുകൾ നിറഞ്ഞു. എന്നിട്ട് അച്ഛൻ അമ്മയെ വഴക്ക് പറഞ്ഞു. അമ്മ അച്ഛനോട് ദേഷ്യപ്പെട്ടു. താൻ പറഞ്ഞതിൽ തെറ്റെന്താണ് അവൾ ചേദിച്ചു. അച്ഛൻ ഒന്നും മിണ്ടിയില്ല. എന്നിട്ട് ഉണ്ണിയോട് പറഞ്ഞു. മോനെ

നിന്നോട് അമ്മ പറഞ്ഞത് മോൻ ഒരിക്കലും അംഗീകരിക്കരുത്. കാരണം ഈ ലോകത്ത് ദൈവം എല്ലാവരേയും എല്ലാത്തിനേയും സൃഷ്ട്ടിച്ചത് സ്നേഹിക്കാനാണ്. ദൈവം എല്ലാവരേയും ഒരുപോലെയാണ് കാണുന്നതും സ്നേഹിക്കുന്നതും നമുക്ക് വേർതിരിവിന്റെ ഒരു ആവശ്യവുമില്ല ആരേയും നമ്മൾ താഴ്ത്തി കെട്ടരുത് ഒരാളും നമ്മുടെ അടിമകളല്ല. അതുപ്പോലെ നമ്മൾ ദൈവത്തിന്റെ അടിമകളാണ്. അപ്പോ കൂട്ട് കൂടാതിരിക്കേണ്ട ഒരു കാര്യവുമില്ല നീ അവനോട് മിണ്ടണം. അവന്റെകൂടെകളിക്കണം. അവനോട് കൂട്ട് കൂടണം അപ്പോൾ ഉണ്ണിക്ക് ആകെ സംശയമായി എന്ത് ചെയ്യുമമെന്ന്. കുറച്ച് കഴിഞ്ഞപ്പോൾ ഉണ്ണിയുടെ മുത്തശ്ശി അവന്റെ അടുത്ത് വന്നിട്ട് ചോദിച്ചു മോനെ നിന്റെ കൂടെ കളിക്കുന്ന ആ ചെറുക്കനെ കണ്ടില്ലല്ലോ? അവൻ എവിടെപ്പോയി. അവൻ ഇങ്ങനെ പറഞ്ഞു. അവന്റെ കൂടെ കൂട്ടുകൂടെണ്ടാന്ന് അമ്മ പറഞ്ഞു. അതുകൊണ്ട് അവൻ എന്നെ വിട്ട് പോയി. മുത്തശ്ശി ഇങ്ങനെ പറഞ്ഞു. ഹോ അതേതായലും നന്നായി ഇനി അവൻ ഇങ്ങോട്ട് വരില്ല. ആ ഇരണം കെട്ട ചെക്കന്റെ കൂടെ നടന്നാൽ നീയും അവനെപ്പോലെ തലതിരിഞ്ഞ് പോകും. അതും കൂടി കേട്ടപ്പോൾ അവന്റെ സംശയംകൂടിക്കൂടി വന്നു. താൻ എന്ത് ചെയ്യും പിറ്റെ ദിവസം അവൻ സ്കൂളിൽപോയി. അവിടെ മലയാളം ടീച്ചർ പഠിപ്പിക്കുന്നത് സൗഹൃദത്തെക്കുറിച്ചാണ്. ആ ടീച്ചർ എല്ലാകുട്ടികളോടും ഒരു ചോദ്യം ചോദിച്ചു. ചോദ്യം ഇതായിരുന്നു നിങ്ങളുടെ കാര്യങ്ങളും സ്വഭാവങ്ങളും അറിയാവുന്ന ആരെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ അത് അച്ഛനമ്മമാരായിരിക്കും നമ്മുടെ ജീവിതത്തിൽ എറ്റവും പ്രധാനപ്പെട്ട ഒരാളാണ് നമ്മുടെ സുഹൃത്ത് അതുകൊണ്ട് എല്ലാവരും ഒരു സുഹൃത്തിനെ കണ്ടെത്തണം. അവൻ ആലോചിക്കാൻ തുടങ്ങി ആര് പറഞ്ഞത് ഞാൻ കേൾക്കണം. അവൻ തീരുമാനിച്ചു. എന്റെ അമ്മയെ ഞാൻ ധിക്കരിക്കും എന്ന് കരുതി എന്നെ വിട്ട് പോയ എന്റെ സുഹൃത്ത് അപ്പുവിനേ എന്റെ വിഷമഘട്ടത്തിൽ എന്നെ സഹായിക്കാൻ കഴിയൂ. അവൻ അപ്പുവിന്റെ അടുത്ത് ചെന്ന് കുറച്ച് നേരം നിന്നു ആദ്യം അവനെ കാണാത്തപ്പോലെ നിന്നു. ഉണ്ണികരയുന്നത് കണ്ടപ്പോൾ അപ്പുവിന് സഹിക്കാൻ കഴിഞ്ഞില്ല അവൻ ഉണ്ണിയെ കെട്ടിപിടിച്ചു. ഇരുവരും സന്തോഷത്തോടെ പറഞ്ഞു. ആരെതിർത്താലും നമ്മൾ എന്നും കൂട്ടുകാർതന്നെയാണ്. അന്ന് വീട്ടിൽ വന്ന് അവൻ അമ്മയോട് പറഞ്ഞു. അമ്മേ അപ്പു നല്ലവനാണ്. അമ്മ അവനോട് ദേഷ്യപ്പെട്ടു. എങ്കിലും അവൻ തീരുമാനിച്ചു. അപ്പുവാണ് എന്റെ കൂട്ടുകാരൻ .അങ്ങനെ ഒരിക്കൽ ഉണ്ണി വീട്ടിൽ കിടന്നുറങ്ങുന്ന സമയം വീടിന് തീ പിടിച്ചു. അമ്മയും ഉണ്ണിയും മുത്തശ്ശിയും ആ വീട്ടിൽ കുടുങ്ങിപ്പോയി. ഉണ്ണിയുടെ കൂടെ കളിക്കാൻ വന്ന അപ്പുവും ഉണ്ണിയുടെ കൂട്ടുകാരും അത് കണ്ടു. കുട്ടികൾ തീ കണ്ട് പേടിച്ച് ഓടി .എന്നാൽ അപ്പു വീടിന്റെ ഉള്ളിൽ കടന്ന് ഉണ്ണിയെയും

*അമ്മയേയും രക്ഷിച്ച് പുറത്ത് കൊണ്ടു വന്ന മുത്തശ്ശിയെ രക്ഷിക്കാൻ കയറുന്നതിനിടയിൽ അവന്റെ കൈ പൊള്ളി. അവൻ അത് കാര്യമാക്കാതെ മുത്തശ്ശിയെ പുറത്തെത്തിച്ചു. എന്നിട്ട് പൊള്ളലിന്റെ ആഘാതത്തിൽ അവൻ അവിടെ ബോധം കെട്ട് വീണു. ആളുകൾ തീ കണ്ട് ഒടികൂടിയപ്പോഴേക്കും  അപ്പു അവരെ രക്ഷിച്ചിരുന്നു അവർ അപ്പു വിനെ ആശുപത്രിയിൽ എത്തിച്ചു. അവൻ ബോധം വന്നപ്പോൾ ഉണ്ണിയെ അന്വേഷിച്ചു. ഉണ്ണിയുടെ അമ്മയും മുത്തശ്ശിയും ഉണ്ണിയോടൊപ്പം അവിടേക്ക് ചെന്നു. ഉണ്ണിയുടെ അമ്മ അപ്പുവിനോട് പറഞ്ഞു. എന്നോട് ക്ഷമിക്ക് മോനെ എനിക്ക് നല്ല മനസ്സുള്ളരേ തിരിച്ചരിയാൻ കഴിഞ്ഞില്ല. പീന്നിടൊരിക്കലും അപ്പുവുമായി സംസാരിക്കുന്നതിനോ കളിക്കുന്നതിനോ ഉണ്ണിയെ ആരും വഴക്ക് പറഞ്ഞിട്ടില്ല അവർ മരണം വരെ നല്ലകൂട്ടുകാരായി ജീവിച്ചു.*

***അപർണ്ണ ബാബു***
***VII C***

# ആ നാളുകൾ

ഇരമ്പുന്ന മഴ കൂടുതൽ ശക്തിയായത് വളരെ പെട്ടെന്നായിരുന്നു. വാർത്തകളിൽ മറ്റുള്ളവയെ തള്ളിമാറ്റി കഴിഞ്ഞു. ക്യാമറക്കണ്ണുകൾ ഈ മാറ്റം പ്രതീക്ഷിച്ചതുകൊണ്ടോ എന്തോ താഴ്ന്ന പ്രദേശങ്ങളിലും മറ്റും തമ്പടിച്ചിരുന്നു. വെള്ളത്തിന്റെ ഒഴുക്ക് കണ്ടപ്പോൾ എല്ലാവരെയും പോലെ മഴവെള്ളം ആണെന്നു തന്നെയായിരുന്നു ഞാനും വിചാരിച്ചത്. വെള്ളത്തിന്റെ നിറം മാറി തുടങ്ങിയപ്പോഴാണ് വരാനിരിക്കുന്നതിനെകുറിച്ച് ഒരേകദേശധാരണയെങ്കിലും കിട്ടിയത്. ധാരണ അത്രയ്ക്കില്ലാത്തതിനാൽ അല്പ്പം സാധനങ്ങൾ പെറുക്കി തട്ടിൻപുറത്തു വച്ചു. സാധനങ്ങൾ വെച്ച് തിരിച്ചിറങ്ങുമ്പോൾ പ്രതീക്ഷിച്ചത് പോലെ വീട്ടിലേക്ക് വെള്ളം കയറിതുടങ്ങിയിരുന്നു. ആദ്യമായാണ് വീട്ടിൽ വെള്ളം കയറുന്നത്. ഒരു രാത്രി മുഴുവൻ കെട്ടി നിന്ന് പിറ്റേന്ന് തന്നെ ഇറങ്ങും എന്ന് ഒരു വിശ്വാസമുണ്ടായിരുന്നു.കുട്ടികളും വൃദ്ധരായ മാതാപിതാക്കന്മാരെയും ടെറസിൽ നിർത്തി ഞാൻ താഴെ തന്നെ നിന്നു. നിമിഷനേരങ്ങൾക്കുള്ളിൽ മുട്ടോളം വെള്ളം വീട്ടിൽ കയറിയിരുന്നു. നിവർത്തിയില്ലാതെ വീട്ടിൽ നിന്നിറങ്ങേണ്ടി വന്ന ഞാൻ കുട്ടികളേയും വൃദ്ധരായ മാതാപിതാക്കന്മാരേയും ചെമ്പിൽ കയറ്റി അടുത്തുള്ള വീട്ടിൽ എത്തിച്ചു. ഞങ്ങൾ സാധാരണക്കാർക്കിടയിൽ രണ്ടുനില വീട് എന്ന് പറയാൻ അതുമാത്രമേ ഉള്ളൂ. ഒഴുക്കിനെതിരെ തുഴയുക എന്നത് വളരെ പ്രയാസമുള്ള ഒന്നു തന്നെയായിരുന്നു. അച്ഛനും അമ്മക്കും ഈ വയസ്സ് ചെന്ന നാളിലും വേവലാതി ഉണ്ടെങ്കിലും പ്രത്യാശയുടെ നാളം മനസ്സിൽ ആളിക്കത്തുന്നുണ്ടായിരുന്നു. കുട്ടികളുടെ പിഞ്ചുമനസ്സിൽ കാര്യത്തിന്റെ ഗൗരവം കയറികൂടിട്ടില്ല. അടുത്തുള്ള വീടിന്റെ രണ്ടാം നിലയിൽ ഞങ്ങളെ കൂടാതെ മറ്റനേകം പേരുണ്ടായി-

രുന്നു. ഇനി എന്ത് ചെയ്യും എന്നറിയാതെ നിൽക്കുന്ന അവരുടെ മുഖത്തും ഭീതിയുടെ ഭാവം നിഴലിക്കുന്നു-

ണ്ടായിരുന്നു. മണിക്കൂറുകളേറെ കടന്നുപോയി. ആരും ഇതുവരെ ഭക്ഷണത്തെ ഉള്ളിലെത്തിച്ചിട്ടില്ല. അവിടെനിന്ന് നോക്കിയാൽ എന്റെ വീട് കാണാം.

വീട്ടിലേക്ക് ഇരച്ച് കയറുന്ന വെള്ളം വിങ്ങുന്ന മനസ്സോടെ നോക്കി നിൽക്കയല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്ക് കഴിയുമായിരുന്നില്ല. എന്തൊക്കയോ മനസ്സിലായതു കൊണ്ടായിരിക്കണം കുട്ടികൾ വിശന്നിട്ടും ഒന്നും പറഞ്ഞില്ല. വിശപ്പ് കൊണ്ട് തന്നെയാവണം അവർ നേരത്തെ ഉറങ്ങിയിരുന്നു. മറ്റുള്ളവർക്ക് ഈ രാത്രി ഉറങ്ങാൻ കഴിയില്ല എന്ന് എനിക്ക് തോന്നുന്നു. ക്ഷീണം കൊണ്ടെപ്പോഴോ ഉറങ്ങിയ എന്നെ പിറ്റേന്ന് ഉണർത്തിയത് അവിടെക്കൂടിയിരുന്നവരുടെ നിലവിളിയുടെ സ്വരമായിരുന്നു. എന്റെ വീട് മുഴവൻ മുങ്ങിയിരുന്നു. എന്റെ മാത്രമല്ല മറ്റുള്ളവരുടെയും. ഇപ്പോൾ തങ്ങുന്ന ഈ വീടിന്റേയും ഒരു നില മുഴവൻ മുങ്ങിയിരുന്നു. ദൃശ്യങ്ങളിൽ കടലായി മാറിയ കരമാത്രമായിരുന്നു. ഇന്നലെ വരെ ഭക്ഷണത്തിനും കുടിവെള്ളത്തിനും മാത്രമേ പഞ്ഞമുണ്ടായിരുന്നൊള്ളു. എന്നാൽ ഇന്ന് വസ്ത്രവും കൂടിയായി ആ നിര നീളുന്നു. നെഞ്ചിടിപ്പിന്റെ ശബ്ദം കൂടികൂടി വന്നു. ആശയവിനിമയത്തിന് ഒരു മാർഗവും ഇല്ലാതായിരിക്കുന്നു. ആ നാലുകെട്ടിനുള്ളിൽ നിന്നുയർന്ന നിലവിളി ജീവനുവേണ്ടി മാത്രമായി ഒതുങ്ങിയത് വളരെ പെട്ടെന്നായിരുന്നു. ഏതു വിധേനയും രക്ഷപ്പെടും എന്നൊരു പ്രത്യാശയുടെ തിരിനാളം ഉള്ളിൽ അണയാതെ കത്തിയതുകൊണ്ട് ടെറസ്സിൽ ഞങ്ങൾ നിലയുറപ്പിച്ചു. ഉച്ചയായപ്പോഴേക്കും മത്സ്യബന്ധനബോട്ടിൽ കുറച്ചുപേരെയൊക്കെ രക്ഷപ്പെടുത്തി. ബാക്കിയുള്ളവരെ ഹെലികോപ്ടർ വഴി ദുരിതാശ്വാസക്യാമ്പിലേക്ക് എത്തിച്ചപ്പോഴേക്കും സന്ധ്യയായി. എല്ലാം ഇപ്പോൾ ഒരോർമ്മ മാത്രമായി അവസാനിച്ചിരിക്കുന്നു. വീടിരുന്ന സ്ഥാനത്ത് ഒന്നും അവശേഷിക്കുന്നില്ല. എല്ലാം പ്രളയം കൊണ്ടുപോയിരുന്നു. പ്രളയം ബാക്കി വച്ചത് ജീവൻ മാത്രം. മരണവും കണ്ണീരും കുടികലർന്നോഴുകുന്ന പുഴയാണിന്ന് കേരളം. ഈ ദുരന്തങ്ങൾക്കിടയിലും പ്രതീക്ഷയുടെ, നന്മയുടെ ചില രേഖകളും ഉണ്ട്. മുന്നും പിന്നും നോക്കാതെ ഇറങ്ങി തിരിച്ച മത്സ്യതൊഴിലാളികൾ ഞങ്ങളെ പ്പോലുള്ളവരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ ദൈവത്തിന്റെ ദൃശ്യമായ രൂപമായിരിക്കാം. അവർ നടത്തിയ രക്ഷാപ്രവർത്തനം സമാനതകളില്ലാത്തതുതന്നെയാണ്. കേരളത്തിന്റെ സൈന്യം തന്നെയാണവർ വ്യോമസേനയും നാവികസേനയും ഉറക്കമിളച്ചിരുന്ന ആ രാത്രിയിൽ തിരിച്ചുകിട്ടിയത് ഞങ്ങളപ്പോലുള്ളവരുടെ ജീവിതമാണ്. കേരളത്തിലെ യുവ തലമുറയും ചെയ്ത സേവനം നിസ്തുലമാണ്. കേരളത്തിന് നഷ്ട്പ്പെട്ട് പോയ

Reflections

'ദൈവത്തിന്റെ സ്വന്തം നാട്' എന്ന മറുപേര് തിരിച്ചുകിട്ടാൻ ഈ പ്രളയം സഹായിച്ചിരിക്കണം. രാഷ്ട്രീയമോ, മതമോ ഒന്നും ചർച്ചചെയ്യാതിരുന്ന കഴിഞ്ഞുപോയ കുറെ മണിക്കൂറുകൾ. കേരള ജനത പ്രാർത്ഥിച്ചിരുന്നത് ഞങ്ങളെപ്പോലുള്ളവർക്ക് വേണ്ടി മാത്രമായിരുന്നു. ഒറ്റക്കെട്ടായി ഒരേമനസ്സോടെ കരകയറാൻ ശ്രമിക്കുകയാണ് നമ്മൾ, എല്ലാവരുടേയും സഹായ ഹസ്തങ്ങളോടെ

"നമ്മൾ അതിജീവിക്കും"

***Anila Sunil***

***IX G***



## _ആത്മവിശ്വാസം

*ആത്മവിശ്വാസം ഒരുവനിലെ നല്ലതിനെ പുറത്തെടുക്കുന്നു. അവന് അവന്റെ ഉള്ളിലുള്ള കഴിവിലുള്ള വിശ്വാസമാണ് ആത്മവിശ്വാസം. പുറമെയുള്ള വിജയത്തിനുള്ള ഉല്ളിലെ ശകിതിയാണത്.*

*ആത്മവിശ്വാസത്തിന്റെ ഏറ്റവും വലിയ ശത്രുവാണ് ഭയം. നമ്മുടെ ചിന്തകളിൽ നിന്നാണ് അത് ഉത്ഭവിക്കുന്നത്. നമ്മൾ ഓരോന്ന് ചെയ്യുമ്പോൾ അതിൽ തെറ്റ് സംഭവിച്ചാൽ മറ്റുള്ള-വർ കലിയാക്കുമോ എന്ന ഭയം. തെറ്റുപറ്റുമോ? എന്ന പേടിക്കു പിറകിലായ് അത് നന്നായി ചെയ്യാണം എന്ന ദൃഢനിശ്ചയമുണ്ടാണം. അതാണ് ആത്മവിശ്വസം.*

*നമ്മൾ നേടിയത് ചെറുതയാലും വലുതായാലും അതിൽ സന്തോഷിക്കുന്ന ഒരു മനസ്സുണ്ടങ്കിൽ ആ മനസ്സിന് അത് വലുത് തന്നയാണ്. ആത്മവിശ്വാസം നേടണമെങ്കിൽ മനസ്സിൽ നല്ലത് മാത്രം സംഭവിക്കും എന്ന ചിന്തവേണം. മറ്റുള്ളവരെ പ്രവരിപ്പിച്ച് സ്വന്തമായി പ്രേരണനേടുക. മനസ്സിനെ നിയന്ത്രണവിധേയമാക്കി ദേഷ്യത്തെ കുറക്കുക. ഇന്നലെ പറ്റി ചിന്തിച്ച് വിഷമിക്കാതെ നാളെ പറ്റി ചിന്തിക്കുക. തോൽവിയിൽ നിന്ന് പഠിക്കുക. തോൽവി വിജയത്തിന്റെ ചവിട്ടു പടിയാണ്.*

***Bive mariya Willson***

***IX D***



# ആടിന്റെ ബുദ്ധി

ഒരിടത്തൊരു താഴ്വരയിൽ ഒരു ആട്ടിൻ പറ്റം മേയുകയായിരുന്നു. ആട്ടിടയനോടൊപ്പം ആട്ടിൻ പറ്റത്തെ സൂക്ഷിച്ചുകൊണ്ട് കരുത്തരായ കാവൽനായ്ക്കളും ഉണ്ടായിരുന്നു. ഇടയന്റെ ആവർത്തിച്ചുള്ള ഉപദേശത്തെ അവഗണിച്ച് ഒരു ആട് കൂട്ടത്തിൽ നിന്നും മാറി ദൂരെപ്പോയി. അതുകണ്ട ഒരു ചെന്നായ ആ ആടിനെ പിന്തുടർന്നു. ചെന്നായ വരുന്നത് ആട് കണ്ടു. അടുത്തുള്ള കാവൽനായക്കളുടെ ശ്രദ്ധ അവിടേക്ക് കൊണ്ടുവരാനായി അവൻ ഒരു ബുദ്ധി പ്രയോഗിച്ചു. അവൻ തിരിഞ്ഞു ചെന്നായയേ നോക്കിട്ട് പറഞ്ഞു. പ്രിയപ്പെട്ട ചങ്ങാതി താങ്കളെന്നെ തിന്നാൻ പോവുകയാണല്ലോ? പക്ഷേ എനിക്ക് അവസാനമായി ഒരു ആഗ്രഹം ഉണ്ട്. നല്ലവനായ അങ്ങ് അത് സാധിച്ച് തരുമോ? ആ മുഖസ്തുതിയിയിൽ മയങ്ങിയ ചെന്നായ ആടിന്റെ ആഗ്രഹം എന്താണെന്ന് ചോദിച്ചു. ആട് വിനയത്തോടെ പറഞ്ഞു. ദയവായി അങ്ങ് എനിക്ക് വേണ്ടി ഒരു പാട്ട്പാടുക അവസാനമായി ആ പാട്ടിനൊപ്പം ഒരു നൃത്തം ചെയ്യാൻ എനിക്കാഗ്രഹമുണ്ട്. ചെന്നായ അതിന് സമ്മതിച്ചു. അവൻ ഉച്ചത്തിൽ മോങ്ങാനും ആട് നൃത്തംചെയ്യാനും തുടങ്ങി. ചെന്നായയുടെ മോങ്ങൽ കേട്ട് കാവൽനായ്ക്കൾ ഓടിവന്നു. അപ്പോൾ കാവൽനായിക്കൾ മനസ്സിലാക്കി അവരുടെ ആട്ടിൻ കൂട്ടത്തിൽ ഒരു ചെന്നായ കയറിക്കൂടിയിരിക്കുന്നു അവർ ഓടി വന്ന് ചെന്നായയെ അവിടെ നിന്നും തുരത്തി.

**നബീല ബാനു റ്റി.എസ്**
**V A**

# അമ്മതൻ സ്നേഹസ്പർശം

*നിന്റെ കൈത്തുമ്പിൽ*
*പിച്ച വക്കുന്ന ഞാൻ*
*എന്റെ ചെറു പുഞ്ചിരിയിൽ*
*നീയെന്നെ വാരി പുണർന്നു*
*ഞാനൊന്നു കരയുമ്പോൾ*
*നിൻ മനം പിടയുന്നു*
*ഞാനെൻ കരങ്ങളാൽ*
*നിൻ മുഖം തഴുകുമ്പോൾ*
*നീയെൻ കൈയിൽ ചുംബിക്കുന്നു*

*എൻ മുഖത്തിൽ നീ നിന്റെ*
*കൈകളാൽ തഴുകുമ്പോൾ*
*നീ നിൻ ദുഃഖങ്ങൾ മറക്കുന്നു*
*നീ എന്നെ വാരി പുണരുമ്പോൾ*
*നിൻ മനം നിറയുന്നു*
*നീയല്ലോ മാതാവേ*
*ഈ ലോക ജീവിതത്തിൽ*
*എൻ കാവൽ മാലാഖ*

***അപർണ്ണ ബാബു***
***VII C***

# വിത്ത്

ഒരു വിത്ത്
ഒരു കുഞ്ഞു വിത്ത്
മണ്ണിൽ അനങ്ങാതെ
കാറ്റടിച്ചപ്പോൾ മണ്ണും പൊടിയും പറന്നു വന്നു
വിത്തിന്മേൽ വീണു
വിത്ത് മണ്ണിനകത്തായി.

ദിവസങ്ങൾ കഴിഞ്ഞു
കാറ്റിന്റെ ഇരമ്പൽ
കിളികളുടെ പാട്ടുകൾ
മണ്ണിന്റെ കുളിർമ
എല്ലാം മാറി മാറി വരികയാണ്.

ആകാശത്ത് കരിമേഘങ്ങൾ ഇരുണ്ടുകൂടി
മഴക്കാലത്തിന്റെ വരവറിയിക്കാൻ തുടങ്ങി
കുഞ്ഞുവിത്തിന് സന്തോഷമായി
മഴ പെയ്തുതുടങ്ങി
വിത്ത് മുളപൊട്ടി വിരിയുകയായിരുന്നു.

**ആര്യ വി. അജി**
**V A**



# എന്റെ വിദ്യാലയം

സ്നേഹത്തിൻ ദീപമായ് വിദ്യാലയം
എന്റെ മോഹത്തിൻ പടിവാതിലായ് വിദ്യാലയം
കരുണ നിറഞ്ഞൊരു വിദ്യാലയം
നയനമുണർത്തിയ വിദ്യാലയം
ഇത്തിരിമുറ്റത്ത് ഓടിനടന്ന പൈതലുകളെ
ആകാശം മുട്ടെ ഉയർത്തിയ വിദ്യാലയം
അങ്ങ് മാനത്ത് തെളിയുന്ന നക്ഷത്രപ്പൂക്കളുടെ
ഒപ്പം തിളങ്ങുന്ന വിദ്യാലയം
എന്റെ കരളിന്റെ കരളായ വിദ്യാലയം
ദൈവത്തിൻ നന്മകൾ ഓർത്തെടുപ്പിക്കുന്ന
ലീലാവിലാസമാണി വിദ്യാലയം
എങ്ങോ മറഞ്ഞുപോയ വീരന്മാരെ
വീണ്ടും ക്ഷണിക്കുന്ന വീരത്വമുള്ള വിദ്യാലയം

**ആദിത്യ വിനു**
**7A**



# ശുഭാപ്തി വിശ്വാസം

കൊച്ചുറോസാച്ചെടിയുടെ അയൽവാസിയായിരുന്നു മുല്ലച്ചെടി. അവർ നല്ല കൂട്ടുകാരായിരുന്നുവെങ്കിലും അവരുടെ സ്വഭാവ വൈരുദ്ധ്യം മൂലം പരസ്പരം വഴക്കടിക്കുക അവരുടെ പതിവായിരുന്നു.വസന്തം വന്നു. ചെടികളെല്ലാം പൂക്കൾചൂടി സുന്ദരികളായി. കൂട്ടത്തിൽ നമ്മുടെ കൂട്ടുകാരും.ആദ്യമായിയാണ് കൊച്ചുറോസാച്ചെടി പൂവിട്ടത്.നെറുകയിൽ ചുവന്ന റോസാപൂവുമായി നിന്ന അവളെ കാണാൻ നല്ല ഭംഗിയായിരുന്നു.ആരുകണ്ടാലും അവളെ ഒന്ന് നോക്കി നിന്നുപോകും.റോസാചെടി ആകെ തളിർത്തു. അവളുടെ സൗന്ദര്യം അവളെ അഹങ്കാരിയാക്കി.അവൾ മുല്ലയോട് പറഞ്ഞു."അയ്യോ നിന്നെ കാണാൻ ഒരു ഭംഗിയുമില്ല.നോക്കു എന്നെ കാണാൻ എന്തു ഭംഗിയാണ്.എല്ലാവരും എന്നെ ആരാധനയോടെയാണ്
നോക്കുന്നത് നിനക്ക് നാണമില്ലേ ?എന്നോട് കൂട്ട് കൂടാൻ ".കൊച്ചു റോസാച്ചെടിയുടെ വാക്കുകൾ മുല്ലയെ വേദനിപ്പിച്ചു. എല്ലാത്തിന്റെയും നല്ല വശങ്ങൾ മാത്രം ചിന്തിക്കുന്ന മുല്ലയോർത്തു;"എനിക്ക് ഭംഗിയില്ലെങ്കിൽ എന്താ?ആരുടേയും മനം മയക്കുന്ന സുഗന്ധമില്ലേ ?എത്ര സന്തോഷത്തോടെയാണ് എല്ലാവരും തലയിൽ വയ്ക്കുന്നത് . ഏതൊരു വിശേഷാവസരത്തിലും മുല്ലപ്പൂ ഒഴിച്ചുകൂടാനാവാത്തതല്ലേ ? പിന്നെന്തിനാ താൻ ദുഃഖിക്കുന്നത്"".ഇത്രയും ഓർത്തപ്പോൾ അവൾക്കു സന്തോഷമായി.എങ്കിലും കൊച്ചുറോസാചെടിയുടെ അഹങ്കാരം കുറയ്ക്കാൻ തന്നെ അവൾ തീരുമാനിച്ചു.മുല്ല പറഞ്ഞു:"നീ എത്ര സുന്ദരിയായിട്ടെന്താ നിന്റെ ശരീരം മുഴുവനും കൂർത്തമുള്ളുകളല്ലെ? നിന്നോടൊപ്പം ആരും കളിക്കാൻ വരാറില്ലല്ലോ?" ശരിയാണ് റോസാചെടി ഓർത്തു. അയലത്തെ ആട്ടിൻകുട്ടി മുല്ലയോടൊപ്പം ഏതുനേരവും കളിയാണ്. തന്റെ പരിസരത്തുപോലും അവൾ വരില്ല. അവൾക്ക് മുള്ളുകൾ ഒരു ശാപമായി തോന്നി. അവൾ
ദൈവത്തെ പഴിച്ചു. മുള്ള് തനിക്കു തരുന്ന സംരക്ഷണത്തെക്കുറിച്ച് അവൾ ചിന്തിച്ചതേയില്ല. അവൾ കൂട്ടുകാരിയായ കറുമ്പിക്കാക്കയെക്കൊണ്ട് മുള്ളു കളയിച്ചു. കറുമ്പിക്കാക്ക ഉപദേശിച്ചെങ്കിലും _അവൾ കേട്ടില്ല. മുള്ളുകളില്ലാതായപ്പോൾ എല്ലാവരും അവളെ മുട്ടാനും തട്ടാനും തുടങ്ങി. ആട്ടിൻകുട്ടി അവളോടൊപ്പം കളിക്കാനെത്തി. അവൾ റോസാച്ചെടി ചവിട്ടിമെതിച്ചു. പൂക്കൾ ചതച്ചരച്ചു. റോസാച്ചെടി വേദന കടിച്ചമർത്തി. തനിക്ക് ദൈവം നൽകിയ മുള്ളുകളുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നും ആകുമായിരുന്നില്ലെന്നോർത്ത് അവൾക്ക് പൊട്ടിക്കരയാനേ കഴിഞ്ഞുള്ളൂ.

**ക്രിസ്റ്റീന മരിയ ജെയിംസ്**

**V A**



## സഖേ...

ഉള്ളമാകെ വെന്തെരിഞ്ഞ്
കരള് രണ്ടായി കീറിമുറിഞ്ഞ്
ക്രന്ദനിച്ച് കൊണ്ടിരിക്കുമ്പോൾ
സുസ്മേരവദനനായി എന്നെ
ശമിപ്പിക്കണം സഖേ.......


പള്ളിക്കൂടത്തിൽ പോയി കലമ്പിയിട്ട്
മാഷിന്റെ കയ്യീന്ന് കീറ് കിട്ടീട്ട്
ആക്രന്ദനിച്ച് കൊണ്ടിരിക്കുമ്പോൾ
സ്തംഭിതനാകാതെ
സ്തോഭമുഖത്തോടു കൂടി എന്നെ
ശമിപ്പിക്കണം സഖേ.........

ഉള്ളമാകെ സ്മരിച്ച് കൊണ്ട്
സുസ്മേരവദനനായി ഞാൻ
തല്ലരികിൽവരുമ്പോൾ നീ
ഉള്ളാകെ വെന്തെരിഞ്ഞ്
കരള് രണ്ടായി കീറിമുറിഞ്ഞ്
ക്രന്ദനിച്ച് കൊണ്ടിരിക്കുമ്പോൾ
നിന്നെ ശമിപ്പിക്കാൻ
ഞാൻ വരും സഖേ........

**Jesmy Mytheen**
**VIII D**



## പദപ്രശ്നം




**വലത്തോട്ട്**

1. നമ്മുടെ ദേശീയപക്ഷി(3)

3.------ പിറന്ന മങ്ക എന്നൊരു ചൊല്ലുണ്ട്(2)

4.എത്രകാലം സൂക്ഷിച്ചാലും കേടുവരാത്ത  ഭക്ഷണം(2)

5.മാവിലുണ്ട് പ്ലാവിലില്ല
തേങ്ങയിലുണ്ട് തേളിലില്ല(2)

6.ആകാശത്തെ വാഹനം(3)

**താഴോട്ട്**

1.പച്ച നിറമുള്ള രത്നം(4)

2 സൗരയൂധത്തിന്റെ കേന്ദ്രം(3)

3.അമ്പ് തൊടുക്കാൻ പറ്റാത്ത വില്ല്(4)

4.പച്ച കാട്ടിൽ തവിട്ട് കൊട്ടാരം അതിനുള്ളിൽ വെള്ള കൊട്ടാരം അതിനുള്ളിൽ കൊച്ചു തടാകം(2)

5.ആകാശത്തിന് ഇങ്ങനെയും പേരുണ്ട്(2)

**Eza Mary**
**VI C**



# നോവുപാട്ട്

വെണ്ണിലാച്ചോല കരഞ്ഞുവറ്റി

പൊന്നോണപ്പൂക്കൾ കരിഞ്ഞു പാറി

ഉച്ചിയിൽ തീ കത്തും പൂതം പോലെ

പച്ചമലയെ ചവച്ചുണക്കി

ചെംപുക തുപ്പിയിരമ്പിനിൽക്കും

കമ്പനി വന്നിങ്ങുയർന്നുവല്ലോ

പച്ചമലയെ കരിച്ചുണക്കി

പച്ചനോട്ടാക്കി നാം വിറ്റുവല്ലോ

ഒന്നാനാം കുന്നിലെ പാട്ടുകളെ

നിങ്ങളെൻ നെഞ്ചത്തു നോവുമാത്രം

ശ്രീക്കുട്ടി അജി

5A

# നിദ്രയിലാണ്ടു പോയി

സായാഹ്നം കഴിഞ്ഞുടൻ രാത്രിതൻ കരിനിറം
ആകാശമാകെ നിന്നു കരിംകൊമ്പനെപ്പോലെ
അമ്പിളിയുടെ നേരെ ചൂണ്ടുവിരൽ നീട്ടി
അമ്മതൻ കുഞ്ഞുമോനെ മാമൂട്ടി ഉറക്കുന്നു
ഉറക്കത്തിൽ കുഞ്ഞുമോൻ കടുത്തത കിനാവുകണ്ട്
ഞെട്ടിയുണർന്ന് ജാലകത്തിലേക്ക് നോക്കി
അമ്പിളി തന്നെ നോക്കി ചിരിക്കുന്നത് കണ്ടാ
കുഞ്ഞുമോൻ വീണ്ടും വീണ്ടും
നിദ്രയിലാണ്ടു പോയി

**എയ്ഞ്ചൽ മരിയ ജോജി**
**7 D**



# മാതൃവിദ്യാലയം

ആദ്യാക്ഷരം കുറിച്ചക്ഷരമുറ്റത്ത്
ആദ്യമായ് പിച്ചവെച്ചതോര്‍ക്കുന്നു ഞാന്
മാതാപിതാ ഗുരു ദൈവ'ത്തെ വന്ദിക്കുവാന്
!ചൊല്ലിപ്പഠിപ്പിച്ച് മാതൃവിദ്യാലയം
-അച്ഛന്റെ കൈവിരല്‍ത്തുമ്പില്‍ തൂങ്ങി
പാഠ്യാലയത്തിന്‍ പഠിപ്പുരയില്
നിന്നു ഞാന്‍ കണ്ണുനീര്‍വാര്‍ത്തതും
കണ്‍തുടച്ചെന്ന സാന്ത്വനിപ്പിച്ച
ഗുരുനാഥയേയും സ്മരിപ്പൂ ഞാന്
പൂമ്പാറ്റയായി പാറി നടന്നതും
കൂട്ടുകാരുമായി വഴക്കടിച്ചതും പിന്നെ
തേന്‍നൂറുംമാമ്പഴം പങ്കുവെച്ചതും
സൗഹൃദത്തിന്റെ മധുരമാമോര്‍മ്മകള്
സഹപാഠികളേകിയതും
ഇന്നലെയെന്നതുപോലോര്‍ക്കുന്നു ഞാനിതാ
വിജ്ഞാനലോകത്തിന്
വര്‍ണ്ണ ജാലകം
എനിക്കായി തുറന്നൊരെന്
ഗുരുനാഥരെ
പൂജിപ്പൂ ഞാനെന്നും മാന
സകോവിലില്
.മധുരമൂറുന്നൊരീ ഓര്‍മ്മകള്

**അല്‍ന ഷാജി**
**IX D**



# ലെബനോൻ വനത്തിലെ ഒരു കുടുംബം

